# SULTANPET DIOCESE

**PRESIDENT**
**SYNDICATE MEMBER**



## Francis.s
*10/X Venthapalayam,*
*Athicode P.O., Palakkad - 678554*
*9746835470*

**GENERAL SECRETARY**



## Abi Wilson Jose
*Iti Hill View Garden*
*Kanjikode, Palakkad - 678623*
*7907634623*

**SYNDICATE MEMBER**



## Melvin Jenifer J
*Papanpalli,*
*Athicode P.O., Palakkad - 678554*
*9745044772*

**SENATE MEMBER**



## Jithu Joseph
*Cherumkodu, Tattamangalam*
*Palakkad - 678102*
*6238893482*

**SENATE MEMBER**



## Sneha Agnus
*19/54 Ambattupalayam,*
*Chittur, Palakkad*
*7994124073*

**SENATE MEMBER**



## Paul Jinson
*St. Mary's House,*
*Mangapallam, Palakkad - 678555*
*729332256*

**SENATE MEMBER**



## Agnesh
*Naduppalayam, Athicode,*
*Palakkad - 678554*
*8907037672*

**DIRECTOR &**
**SYNDICATE**



## Fr. Prabin Soosadimai SDB
*St. Antonys Church,*
*Athicode P.O., Palakkad - 678554*
*8124145604, 8489897639*

# കർമ്മപദ്ധതി

**ഫെബ്രുവരി**

12. സംയുക്ത സിൻഡിക്കേറ്റ്, അധികാര കൈമാറ്റം

27. പ്രവർത്തനവർഷ ഉദ്ഘാടനം, കർമ്മപദ്ധതി പ്രകാശനം

**മാർച്ച്**

1. ആത്മ (Directors,Animators Meet)

13. വനിതാ ദിനാചരണം

**ഏപ്രിൽ**

1,2,3. LEADERSHIP CAMP

8. കുരിശുമല തീർത്ഥാടനം

**മെയ്**

1 – 31. അംഗത്വ മാസാചരണം

18 – 25. TASK FORCE TRAINING (മേഖലാ തലത്തിൽ)

14,15. മേഖലാ ക്യാമ്പ് (എറണാകുളം മേഖല)

**ജൂൺ**

4,5. മേഖലാ ക്യാമ്പ് (മലബാർ മേഖല)

5. പരിസ്ഥിതി ദിനാചരണം

11,12. മേഖലാ ക്യാമ്പ് (കോട്ടയം മേഖല)

19. വി. തോമസ് മൂർ ദിനാചരണം

**ജൂലൈ**

9,10. മേഖലാ ക്യാമ്പ് (തെക്കൻ മേഖല)

10. യുവജനദിനം

29,30,31. അർദ്ധ വാർഷിക സെനറ്റ്

**ആഗസ്റ്റ്**

13,14. മേഖലാ ക്യാമ്പ് (തൃശ്ശൂർ മേഖല)

28. സ്പോർട്സ് മീറ്റ്

**സെപ്റ്റംബർ**

5. ജീവകാരുണ്യ ദിനാചരണം

10. EYE (Ecumenical Youth Encounter)

11. പ്രവാസി യുവജനസംഗമം (online)

25. ഉത്സവ് 2022 (രചന മത്സരങ്ങൾ)

**ഒക്ടോബർ**

2. ഉത്സവ് (അവതരണ മത്സരങ്ങൾ)

8. യുവജന സംഗമം (എറണാകുളം മേഖല)

24. യുവജന സംഗമം (മലബാർ മേഖല)

**നവംബർ**

12. യുവജന സംഗമം (തൃശ്ശൂർ മേഖല)

26. യുവജന സംഗമം (കോട്ടയം മേഖല)

**ഡിസംബർ**

10. യുവജന സംഗമം (തെക്കൻ മേഖല)

28. പതാക ദിനം, മുൻകാല നേതാക്കന്മാരുടെ സംഗമം

**ജനുവരി**

7,8,9. KYC (Kerala Youth Council)

21,22,23. വാർഷിക സെനറ്റ് സമ്മേളനം

# കെ.സി.വൈ.എം

**എന്ത് ?** **എന്തിന്?** **എങ്ങനെ?**

### ലക്ഷ്യം

ക്രൈസ്തവാദർശങ്ങളിലധിഷ്ഠിതമായി കത്തോലിക്കാ യുവജനങ്ങളുടെ സമഗ്ര വികസനവും സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനവും.

### നിലവിൽ വന്ന വർഷം

1978 ഡിസംബർ 28-ാം തീയതി മാന്നാനം കെ.ഇ. കോളേജിൽ നടന്ന പ്രഥമ സെനറ്റ് യോഗത്തിൽ കെ.സി.വൈ.എം. പ്രസ്ഥാനം ഔദ്യോഗികമായി രൂപം കൊണ്ടു.

### സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ തലങ്ങൾ

കേരളത്തിലെ കത്തോലിക്കാ ബിഷപ്സ് കൗൺസിൽ (കെ.സി.ബി.സി.) കേരളത്തിലെ കത്തോലിക്കാ യുവജനങ്ങൾക്കുവേണ്ടി സ്ഥാപിച്ചിരിക്കുന്ന ഔദ്യോഗിക യുവജനപ്രസ്ഥാനമാണ് കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് (കെ.സി.വൈ.എം.).

കെ.സി.ബി.സി യൂത്ത് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളസഭയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം, കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സി.ബി.സി.ഐ.) അംഗീകരിച്ചിട്ടുള്ള അഖിലേന്ത്യ യുവജനപ്രസ്ഥാനമായ ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റി (ഐ.സി.വൈ.എം.) ന്റെ കേരള റീജിയൺ ഘടകമാണ്.

വത്തിക്കാനിൽ അല്മായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർനാഷണൽ മൂവ്മെന്റ് ഓഫ് കാത്തലിക് അഗ്രികൾച്ചറൽ റൂറൽ യൂത്ത് (MIJARC-IMCARY മിജാർക്ക്) എന്ന യുവജനസംഘടനയുടെ അംഗസംഘടനയാണ് കെ.സി. വൈ.എം.

കേരളത്തിലെ 32 കത്തോലിക്കാ രൂപതകളിൽ പ്രവർത്തിക്കുന്ന ഔദ്യോഗിക യുവജന പ്രസ്ഥാനങ്ങളുടെ സംസ്ഥാനതല ഫെഡറേഷനാണ് കെ.സി വൈ.എം.

രൂപതയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനം മാത്രമാണ് കെ.സി.വൈ.എം ന്റെ ഒരേയൊരു രൂപതാഘടകം.

കേരളത്തിലെ 32 രൂപതകളുടെയും 3 വ്യക്തിസഭകളുടെയും ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി റീത്തുകൾക്കതീതമായി പ്രവർത്തിക്കുന്ന സഭാത്മക യുവജനപ്രസ്ഥാനം.

കക്ഷിരാഷ്ട്രീയത്തിനതീതമായി കേരളത്തിലെ സർവ്വ മനുഷ്യരുടെയും സമഗ്ര പുരോഗതിക്കും സമ്പൂർണ്ണ വിമോചനത്തിനുമായി സാഹോദര്യത്തിന്റെയും സഹകരണത്തിന്റെയും സഹപ്രവർത്തനത്തിന്റെയും സമീപനം സ്വീകരിച്ചിരിക്കുന്ന സാമൂഹിക യുവജനപ്രസ്ഥാനം.

### പ്രായസാദ്ധ്യത

15-നും 35-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കളാണ് കെ.സി.വൈ.എം. ലെ അംഗങ്ങൾ.

### സ്വർഗ്ഗീയ മദ്ധ്യസ്ഥൻ

വിശുദ്ധ തോമസ് മൂർ (1477 - 1535)

**പതാക**

മുകളിൽ ചുവപ്പും മദ്ധ്യത്തിൽ വെള്ളയും താഴെ മഞ്ഞയും നിറങ്ങൾ സമ അളവിൽ 2:3

അനുപാതത്തിൽ സംയോജിപ്പിച്ചിരിക്കുന്നു. വെള്ള നിറത്തിന്റെ മധ്യത്തിൽ കെ.സി.വൈ.എം - ന്റെ എംബ്ലം ചുവപ്പുനിറത്തിൽ മുദ്രണം ചെയ്തിരിക്കുന്നു.

**ചുവപ്പു നിറം**: ക്രിസ്തുവിന്റെയും വിശുദ്ധരുടെയും നീതിമാന്മാരുടെയും രക്തസാക്ഷിത്വത്തിന്റെ പ്രതീകം. സത്യത്തിനും നീതിക്കും ദൈവവിശ്വാസത്തിനും വേണ്ടി രക്തം ചിന്തുവാനുള്ള പ്രചോദനം.

**വെള്ള നിറം**: നൈർമ്മല്യം, നിഷ്കളങ്കത, വിശുദ്ധി എന്നിവയുടെ പ്രതീകം.

**മഞ്ഞ നിറം**: സഹനം, ഈശ്വരവിശ്വാസം എന്നിവയുടെ പ്രതീകം. മഞ്ഞ, വെള്ള എന്നീ നിറങ്ങൾ പേപ്പൽ പതാകയെയും കത്തോലിക്കാ സഭയുമായുള്ള അഭേദ്യമായ ബന്ധത്തെയും സൂചിപ്പിക്കുന്നു.

### എംബ്ലം

കത്തോലിക്കാ യുവജനങ്ങൾ കെ.സി.വൈ.എം- ലൂടെ യേശുവിന്റെ സന്ദേശം ഈ ലോകത്തിൽ പ്രകാശിപ്പിക്കാനായി കത്തിജ്വലിക്കും എന്ന് ദ്യോതിപ്പിക്കുന്നു.

യുവാവിന്റെയും യുവതിയുടെയും കൈകളിലായി ചിത്രീകരിച്ചിരിക്കുന്ന തുറന്ന ബൈബിൾ സുവിശേഷ പ്രഘോഷണത്തിന്റെ പ്രതീകം.

തീജ്വാല ക്രിസ്തുവിന്റെയും സഭയുടെയും യുവജനങ്ങളുടെ പ്രവാചകദൗത്യത്തിന്റെയും പ്രതീകം. ചുറ്റുമുള്ള വൃത്തം പ്രപഞ്ചത്തിന്റെ പ്രതീകം. യുവതീയുവാക്കൾ സംഘടിതമായി സുവിശേഷ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സമൂഹത്തിലെ അന്ധകാരമകറ്റാനായി, തങ്ങളെത്തന്നെ ദൈവരാജ്യം സംസ്ഥാപിക്കാനായി ലോകത്തിൽ സജീവമായി പ്രവർത്തിക്കും എന്ന് സൂചിപ്പിക്കുന്നു.

### ഘടന

സംസ്ഥാനത്തിൽ 32 രൂപതകളിൽ നിന്നും 8 പേർ വീതം ഉൾക്കൊള്ളുന്ന സെനറ്റ്, ഓരോ രൂപതയിൽ നിന്നും ഒരു യുവാവും യുവതിയും അടങ്ങുന്ന സിൻഡിക്കേറ്റ്, ഡയറക്ടർ, അസി. ഡയറക്ടർ, പ്രസിഡന്റ്, 2 വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി, 4 സെക്രട്ടറിമാർ, ട്രഷറർ എന്നിവർ ഉൾപ്പെട്ടിരിക്കുന്ന സെക്രട്ടറിയേറ്റ് എന്നിവയും രൂപതാതലത്തിൽ യൂണിറ്റ്, ഫൊറോന, മേഖല, രൂപത എന്നിവയും ഈ പ്രസ്ഥാനത്തിന്റെ ഭരണഘടകങ്ങളാണ്.

**യുവതീയുവാക്കൾ**
↓
**യൂണിറ്റ്( ഇടവക)**
↓
**മേഖല /ഫൊറോന**
↓
**32 രൂപതകൾ**
↓
**സംസ്ഥാനം**
↓ ↓
**ICYM** **MIJARC**

ഓരോ വർഷവും സഭയിലും സമൂഹത്തിലും പ്രാധാന്യമർഹിക്കുന്ന ഒരു പഠന വിഷയം തിരഞ്ഞെടുക്കുകയും ആ വിഷയത്തെ അടിസ്ഥാനമാക്കി കർമ്മ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു.

### യൂത്ത് ലൈബ്രറി

സംസ്ഥാന ഓഫീസിനോടനുബന്ധിച്ച് ആനുകാലിക പ്രസിദ്ധീകരണങ്ങൾ, അയ്യായിരത്തോളം പുസ്തകങ്ങൾ മുതലായവ ഉള്ള ലൈബ്രറി.

### യൗവ്വനം

വർത്തമാനകാല വിഷയങ്ങളിൽ പ്രസ്ഥാനത്തിന്റെ പ്രതികരണം പ്രകടമാക്കുന്ന വാർത്താപത്രിക.

### കെ. സി. വൈ. എം: ദർശനം, ദൈവശാസ്ത്രം, പ്രവർത്തന ശൈലി

**ദൈവശാസ്ത്രം**

സമൂഹത്തിന്റെ സമ്പൂർണ്ണവിമോചനം അഥവാ ദൈവരാജ്യ സംസ്ഥാപനം.

**മാർഗ്ഗം**

ക്രൈസ്തവദർശനങ്ങളിലടിസ്ഥാനമായി കത്തോലിക്കാ യുവജനങ്ങളുടെ സമഗ്ര വികസനം.

**പ്രത്യേക കാരിസം**

സംഘടിതവും വീരോചിതവുമായ സാക്ഷ്യത്തിലൂടെ സാമൂഹികാടിമത്തങ്ങൾക്കെതിരെ പോരാടി ദൈവരാജ്യം സ്ഥാപിക്കുക.

**പ്രവർത്തനശൈലി**

ക്രിസ്തുവിന്റെ പുരോഹിത, രാജകീയ, പ്രവാചക ദൗത്യങ്ങളിൽ പങ്കാളികളാകുന്ന യുവജനങ്ങളുടെ സമർപ്പണം.

സമൂഹത്തിന്റെ വിമോചനത്തിനായി സ്വയം അർപ്പിച്ചുകൊണ്ട് പുരോഹിത ദൗത്യം നിർവ്വഹിക്കുന്ന യുവജനങ്ങൾ.

ലാളിത്യത്തിന്റെയും പരിത്യാഗത്തിന്റെയും മാതൃകകളായ യുവജനങ്ങൾ.

എളിയ ശുശ്രൂഷയിലൂടെ നേതൃത്വം വഹിക്കുന്ന യുവജനങ്ങൾ.

സമൂഹത്തെ തിരുത്തുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്ന പ്രവാചകരായ യുവജനങ്ങൾ.

### യുവജനങ്ങളുടെ മഹത്തായ പ്രസ്ഥാനം കെ. സി. വൈ. എം

സമഗ്രമായ വികസനത്തിന്റെയും സമ്പൂർണ്ണ വിമോചനത്തിന്റെയും കാഹളം മുഴക്കുന്ന മഹത്തായ യുവജനപ്രസ്ഥാനം.

ക്രിസ്തുദർശനങ്ങളാൽ ജ്വലിച്ച് കർമ്മം ചെയ്യാൻ അണിചേരുന്ന യുവജനങ്ങളുടെ സംഘാത മുന്നേറ്റം.

അനീതിക്കും അധർമ്മത്തിനുമെതിരെ പോരാടി പുതുയുഗം സൃഷ്ടിക്കുന്ന കർമ്മധീരരായ യുവപ്രവാചകരുടെ സത് സംഘം.

വിശ്വസാഹോദര്യത്തിന്റെ പടവാളുമായി പൂർണ്ണ മനുഷ്യനെയും പൂർണ്ണ സമൂഹത്തെയും പടുത്തുയർത്തുന്ന യുവശക്തി.

കാലത്തിന്റെ അടയാളങ്ങൾ വായിച്ചുകൊണ്ട് പ്രതികരിക്കുകയും പ്രവർത്തിക്കുകയും

സാമൂഹിക മാറ്റത്തിന്റെ തേര് തെളിക്കുകയും ചെയ്യുന്ന വിമോചക പ്രസ്ഥാനം.

## ധർമ്മവീഥി... കർമ്മപാത

യുവജനങ്ങളുടെ വിശ്വാസജീവിതപരിശീലനം, ആദ്ധ്യാത്മിക നവോത്ഥാനം, സഭാത്മക ദൗത്യം എന്നിവയ്ക്ക് സാധുതയേകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് അത്മായ യുവജന നേതൃത്വത്തെ വളർത്തിയെടുക്കുക.

പ്രാർത്ഥനാനുഭവത്തിൽ അടിയുറച്ച സാമൂഹിക പ്രബോധനപരിശീലനകളരികൾ സംഘടിപ്പിക്കുക.

നീതിക്കുവേണ്ടി പോരാടുന്ന ക്രൈസ്തവ ധാർമ്മികശക്തിയായ് യുവജനങ്ങളെ പരിവർത്തനപ്പെടുത്തുക.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെയും അന്തസത്ത സ്വാംശീകരിച്ച് അല്മായ യുവജനങ്ങളുടെ സാമൂഹിക രാഷ്ട്രീയ പ്രേഷിതത്വത്തിനുള്ള വേദിയായി മാറ്റുക.

യുവജനങ്ങൾക്ക് സാങ്കേതിക പരിശീലനം നൽകുക.

യുവജനങ്ങൾക്ക് പൊതുരംഗത്ത് അംഗീകാരം നേടാനുതകുന്ന കർമ്മ പരിപാടികൾ സംഘടിപ്പിക്കുക.

യുവജനങ്ങൾക്ക് തൊഴിൽ പരിശീലനവും തൊഴിൽ മാർഗ്ഗനിർദ്ദേശവും നൽകി തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുക.

സഭയുടെയും സമുദായത്തിന്റെയും ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ സംഘടിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

അടിസ്ഥാനവർഗ്ഗങ്ങളുടെയും അടിത്തട്ടുസമൂഹങ്ങളുടെയും പീഡിത ചൂഷിത വിഭാഗങ്ങളുടെയും വിമോചനത്തിനുവേണ്ടി സംഘടിതമായി പരിശ്രമിക്കുക.

സംഘടിതവും വീരോചിതവുമായ സാക്ഷ്യത്തിലൂടെ സാമൂഹിക തിന്മകൾക്കും സാമൂഹികാടിമത്തങ്ങൾക്കുമെതിരെ പോരാടുന്ന പ്രവാചകസമൂഹമായി യുവജനങ്ങളെ രൂപപ്പെടുത്തുക.

യുവജനങ്ങളുടെ ആദ്ധ്യാത്മികവും മാനസികവും ബൗദ്ധികവും ഭൗതികവും സാഹിത്യപരവും കലാപരവും കായികപരവുമായ കഴിവുകളുടെ പോഷണത്തിന് വേദിയൊരുക്കുക.

നീതി നിഷേധിക്കപ്പെടുന്ന മേഖലകളിൽ നീതി പുനഃസ്ഥാപിക്കുന്നതിനും ധാർമ്മികമൂല്യങ്ങൾ സംസ്ഥാപിക്കുന്നതിനും യത്നിക്കുക.

അടിസ്ഥാനസൗകര്യ വികസനത്തിനും സുസ്ഥിര വികസനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയും പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനുമെതിരെയും പ്രവർത്തിക്കുന്ന പൗരസമൂഹത്തിന് നേതൃത്വം കൊടുക്കുക.

അടിസ്ഥാന രാഷ്ട്രീയ ഇടപെടലുകളിലൂടെ ത്രിതല പഞ്ചായത്തുകളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഗ്രാമ സ്വരാജിനായി യത്നിക്കുക.

വിവിധ വിഷയങ്ങളിൽ ലഘുലേഖകൾ, ഗ്രന്ഥങ്ങൾ, പ്രബന്ധങ്ങൾ, പ്രകടന പത്രികകൾ, ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെയുള്ള സന്ദേശങ്ങൾ മുതലായവ പ്രസിദ്ധീകരിക്കുക.

# സുപ്രധാന ചരിത്ര സംരംഭങ്ങൾ

| | |
|---|---|
| 1972 | സി.ബി.സി.ഐ യൂത്ത് കമ്മീഷൻ |
| 1973 | കെ.സി.ബി.സി. യൂത്ത് കമ്മീഷൻ<br>യുവജന ക്യാമ്പുകൾ പാലാമ്പ്ര |
| 1976 | യുവജനോത്സവം തൃശ്ശൂരിൽ |
| 1977 | ഭരണഘടന കമ്മിറ്റി രൂപീകരണം |
| 1978 | ഡിസംബർ 28 മുതൽ 31 വരെ കെ.സി.വൈ.എം പ്രഥമ സെനറ്റ് സമ്മേളനവും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും മാന്നാനത്ത് |
| 1979 | പഠനക്യാമ്പുകൾ, ചർച്ചാ സമ്മേളനങ്ങൾ<br>പ്രസ്ഥാനത്തെ പരിചയപ്പെടുത്തൽ സംരംഭങ്ങൾ |
| 1980 | ദളിത് ക്രൈസ്തവ അവകാശ സംരക്ഷണത്തിനും മതസ്വാതന്ത്ര്യത്തിനും വേണ്ടി ജീപ്പ് റാലി. |
| 1981 | എറണാകുളം യുവജനോത്സവം. |
| 1982 | ഗൂഡല്ലൂർ സമരം, ചങ്ങനാശ്ശേരിയിൽ യുവജനസമ്മേളനവും റാലിയും |
| 1983 | തീരദേശത്തെ മത്സ്യത്തൊഴിലാളി സമരം, മുഖ്യമന്ത്രിക്ക് നിവേദനം |
| 1984 | മത്സ്യത്തൊഴിലാളി സമരം<br>ആന്തം നിലവിൽ വന്നു. |
| 1985 | യൂത്ത് ഇയർ - യുവജനോത്സവം കൊല്ലം |
| 1986 | സമാധാനവർഷം - നാലുപദയാത്രകൾ, കേരളത്തിന്റെ 4 ഭാഗങ്ങളിൽ നിന്ന്. |
| 1987 | തൃശൂർ സമ്മേളനം, റാലി |
| 1988 | മാനവ മൈത്രീ സംഗമം, ജാഥകൾ - വർഗ്ഗീയതയ്ക്കെതിരെ, ആലുവയിൽ സമാപിച്ചു. |
| 1989 | സുവനീർ പുറത്തിറക്കി , സംസ്ഥാന ഓഫീസ് കെട്ടിടം ഉദ്ഘാടനം |
| 1990 | മനുഷ്യാവകാശ സമ്മേളനങ്ങൾ |
| 1991 | ചാലക്കുടി സമ്മേളനം |
| 1992 | വികസനജാഥയും വികസനരേഖയും |
| 1993 | 15 - ാം വാർഷിക സമ്മേളനം കണ്ണൂരിൽ, മദർ തെരേസ പങ്കെടുത്തു. |
| 1994 | വിദ്യാലയ രാഷ്ട്രീയം<br>കാർഷിക മത്സ്യമേഖല സമര പ്രഖ്യാപനം<br>വികസന കൺവൻഷൻ<br>സംസ്ഥാന കാര്യാലയം ടൗണിലേക്ക് മാറ്റി |
| 1995 | പുതിയ സംസ്ഥാന ഓഫീസ് ഉദ്ഘാടനം, ദേശീയ യുവജനസമ്മേളനം, റാലി എറണാകുളത്ത് |
| 1996 | അന്തർദേശീയ യുവജനസമ്മേളനം, റാലി (മിജാർക്കിന്റെയും കെ.സി.വൈ.എംന്റെയും സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരത്ത്) |
| 1997 | ഗവൺമെന്റിന്റെ മദ്യനയത്തിനെതിരെയുള്ള അനിശ്ചിതകാല നിരാഹാര സത്യാഗ്രഹ സമരം - തിരുവനന്തപുരം. |
| 1998 | ധാർമ്മിക നവോത്ഥാന പദയാത്ര കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ. |
| 1999 | പാത്രോസ് യുവജനസമ്മേളനം - മലയാറ്റൂർ<br>വിശ്വ സാഹോദര്യ സദ്സംഗം - കോട്ടയം<br>തീര വിമോചനയാത്ര |
| 2000 | ജീവൻ സംരക്ഷണ ജാഥകൾ<br>സഹസ്രാബ്ദ യുവജനസംഗമം - തൃശൂർ |
| 2001 | കയ്നോസ് കൺവൻഷൻ - നെയ്യാറ്റിൻകര |

നവോത്ഥാനമഹായാനം - തൊടുപുഴ
വികസനയാത്ര, വികസനരേഖ

2002 സംസ്ഥാന കൺവൻഷൻ - തൃശൂർ
കെ.സി.വൈ.എം സിൽവർ ജൂബിലി വിളംബര റാലി, സമന്വയയാത്ര, പാൻമസാല വിരുദ്ധ റാലി, കൺവൻഷൻ, സൗഹൃദ സദസ്സ്.

2003 കെ.സി.വൈ.എം. രജത ജൂബിലി വർഷം, രജതം കാസറ്റ് പ്രകാശനം, ശാന്തിദൂത് - 54 ദിവസം അഖില കേരള കുരിശ് പ്രയാണം, പൂർവ്വസൂരി സംഗമം, ജൂബിലി, റാലി, സമ്മേളനം ജനാധികാര യാത്ര, യുവകേരള സദസ്സ്.

2004 പൗരപത്രിക പ്രകാശനം. കർഷക രക്ഷാ മാർച്ച്, മാനവികതയ്ക്കും ജീവകാരുണ്യ സംസ്കൃതിക്കുമുള്ള മദർതെരേസ പുരസ്കാരങ്ങൾ, സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾ, ദിവ്യകാരുണ്യ കൺവൻഷൻ, ഭാരത സംരക്ഷണറാലി, യുവഭാരത് സംസ്ഥാന കൺവൻഷൻ, കരിമണൽ ഖനനവിരുദ്ധ പദയാത്ര.

2005 രാഷ്ട്ര രക്ഷായാത്ര, ആഗോള യുവജനദിനം- ജർമ്മനി, രാഷ്ട്രരക്ഷാബന്ധൻ റാലി, യുവജന ദിവ്യകാരുണ്യ കോൺഗ്രസ്, പാൻമസാല വിരുദ്ധ കൺവൻഷൻ, കേരള ജൂബിലി വിളംബര യാത്ര.

2006 ദളിത് ക്രൈസ്തവ അവകാശ പഞ്ചദിന ധർണ്ണ, നിയമസഭാ മാർച്ച്, ജനപക്ഷ പത്രിക പ്രകാശനം, വചനം ബൈബിൾ കൺവൻഷൻ കേരള സുവർണ്ണ ജൂബിലി കൺവൻഷൻ, കേരള നവോത്ഥാനറാലി, സമ്മേളനം, ന്യൂനപക്ഷാവകാശ വാരം, ന്യൂനപക്ഷാവകാശ കൺവൻഷൻ, പൗരസദസ്സ്, കർഷക ജീവൻരക്ഷായാത്ര, തീര രക്ഷായാത്ര, പാൻമസാല വിരുദ്ധ വർഷം. നാഷണൽ യൂത്ത് പാസ്റ്ററൽ കോൺഫറൻസ്.

2007 ലോക യുവജനദിനാചരണം, ലോക യുവജനദിനസമ്മേളനവും തീർത്ഥാടനവും - മലയാറ്റൂർ, ന്യൂനപക്ഷാവകാശ സംരക്ഷണ സംരംഭങ്ങൾ, സംരക്ഷണ സേന രൂപീകരണം, ദാരിദ്ര്യ നിർമ്മാർജ്ജനയജ്ഞങ്ങൾ, പേൾ ജൂബിലി വിളംബര റാലി, പേൾ ജൂബിലി ഉദ്ഘാടന കൺവൻഷൻ

2008 മൂലമ്പിള്ളി പുനരധിവാസ സമരം, കുട്ടനാട് കർഷകർക്കൊപ്പം
കൊയ്ത്ത്, കർഷക രക്ഷായാത്ര, തീരദേശയാത്ര, റെയിൽവെ വികസന യാത്ര, ജീവൻ രക്ഷായാത്ര പേൾ ജൂബിലി സംസ്ഥാന കൺവൻഷൻ, ലോക യുവജനദിന സംഗമം - ആസ്ട്രേലിയ.

2009 മുല്ലപ്പെരിയാർ സമരം, സംസ്ഥാന സമ്മേളനവും റാലിയും- തൃശ്ശൂർ, സന്നദ്ധ രക്തദാന കാമ്പയിനുകൾ, പ്രചോദിനി വനിതാ കൺവൻഷൻ

2010 കരിയർ സെമിനാറും വിദ്യാഭ്യാസ പ്രദർശനവും, സംസ്ഥാന സമ്മേളനവും റാലിയും തൃശ്ശൂർ, മിജാർക്ക് അന്താരാഷ്ട്ര സെമിനാറും സിമ്പോസിയവും, യുവജന കർഷക മഹാറാലിയും ആഗോള ഭൂ കൈയേറ്റങ്ങൾക്കെതിരെ അന്താരാഷ്ട്ര കാമ്പയിൻ ഉദ്ഘാടനവും - ഇരിങ്ങാലക്കുട, പ്രചോദിനി വനിതാ കൺവൻഷൻ.

2011 ലോകയുവജനദിനാചരണം, പച്ച-പ്രകൃതി പഠന ക്യാമ്പ്, സാഹിത്യ ക്യാമ്പ്, ആദിവാസികൾക്കൊപ്പം ഓണാഘോഷം, പ്രചോദിനി വനിതാ കൺവൻഷൻ

2012 തീരദേശ രക്ഷായാത്ര, അഴിമതിക്കെതിരെ യുവജാഗരൺ,യുവജനദിനാചരണവും സംസ്ഥാന യുവജന മഹാസംഗമവും- തൃശ്ശൂർ, ലഹരിവിരുദ്ധ കാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം പ്രചോദിനി വനിതാ കൺവൻഷൻ.

2013 പ്രശോഭിത - വനിതാദിനാചരണം, ലോകയുവജനദിനാചരണം - പീഢാസഹനയാത്ര, ഒലിവ് 2013 സംസ്ഥാന ക്യാമ്പുകൾ, ഹരിതതീരം- പരിസ്ഥിതി ദിനാചരണം, മദർതെരേസ ദിനാചരണം.

2014 ജനപക്ഷപ്രകടനപത്രിക, യുവജന- സംസ്ഥാന നേതൃത്വ പരിശീലനക്യാമ്പ്, പച്ചമരത്തണലിൽ- പരിസ്ഥിതി ദിനാചരണം സമ്പൂർണ്ണ മദ്യനിരോധനം ആവശ്യപ്പെട്ട് 5 ലക്ഷംപേർ ഒപ്പിട്ട ഭീമഹർജി, ഹോറേബ്- ക്രൈസ്തവ വിശ്വാസ യുവജന സംഗമം, പ്രചോദിനി-

സംസ്ഥാന വനിത കൺവെൻഷൻ, കനിവ്- മദർതെരേസ അനുസ്മരണം

2015 സംസ്ഥാന നേതൃത്വ പരിശീലന ക്യമ്പ്, പരിസ്ഥിതി ദിനാചരണം, വനിതദിനാചരണം, തീരദേശ സഹവാസ ക്യാമ്പ്, രാഷ്ട്രദർശൻ- സഹവാസ ക്യാമ്പ്, യൂത്ത് ക്രോസ്, ഹരിത യുവ സംഗമം

2016 പെൺമ വനിതദിനാചരണം, കുരിശുമല തിർത്ഥാടനം, സ്പാർക്ക്- ലിഡേഴ്സ് ട്രൈനിങ് ക്യാമ്പ്, തീരം ക്യാമ്പ്, ഉറവ- പരിസ്ഥിതി പഠന ക്യാമ്പ്, ഉത്സവ് 2016- യുവജന കലോത്സവം

2017 Aspire- ലിഡേഴ്സ് ട്രൈനിങ് ക്യാമ്പ്, മറീന- തീരദേശ ക്യാമ്പ്, പുതുവൈപ്പിൻ ഐ. ഒ. സി. പ്ലാന്റിനെതിരെ നിരാഹാരസമരം, ഗായിയ പ്രകൃതി പഠനക്യാമ്പ്, Exodus- യൂത്ത് അസംബ്ലി, കെ.സി.വൈ.എം. റൂബി ജൂബിലി ആഘോഷ ആരംഭം, യുവജന വർഷ ഉദ്ഘാടനം, ഓഖി ദുരന്ത ബാധിത പ്രദേശ സന്ദർശനവും ധനസഹായവും

2018 ഒപ്പം, ഫലസമൃദ്ധി പദ്ധതി, IGNITE സംസ്ഥാന നേതൃക്യാമ്പുകൾ, മലബാർ യുവജന സഹാം എഫ്ഫാത്ത - റൂബി ജൂബിലി സമാപന സമ്മേളനം, കെ.സി.ബി.സി യുവ ജനവർഷ സമാപന സമ്മേളനം

2019 പ്രണയത്തിന്റെ രക്തസാക്ഷികൾ ക്യാമ്പയിൻ, യൂത്ത് ഫോർ പീസ് കാമ്പയിൻ. സമാധാന സന്ദേശ യാത, സമുദ്ര - തീരദേശപഠനക്യാമ്പ്, തളിർ - പ്രകൃതിപഠന കാമ്പ്, പ്രചോദിനി - വനിത ക്യാമ്പ്, ARISE നേതൃതപരിശീലന ക്യാമ്പ്

2020 കെ.സി.വൈ.എം. ടാസ്ക് ഫോഴ്സ്, ഹരിതം 2020, ബ്ലഡ് ഡോണേഴ്സ് ഫോറം, എമർജൻസി സൈക്കോളജിക്കൽ ഫസ്റ്റ് എയ്ഡ് സെൽ, ജീവകാരുണ്യവാരം, രക്തദാനവാരാചരണം, ഹാഗിയ സോഫിയ വിലാപദിനം, ആർദ്രം 2020 സഹായ പദ്ധതി, We are With Women ക്യാമ്പയിൻ.

2021 Save Chellanam Campaign, 100 Rs Challenge, OYO (Open Your Opinion), KCYM Voice, ആർദ്രം 2021.

# യുവജനശുശ്രൂഷ

## നിർവ്വചനം

യുവജനങ്ങളുടെ തനതായ ജീവിത സാഹചര്യങ്ങളുമായി ഉറ്റബന്ധം പുലർത്തിക്കൊണ്ട് ദൈവത്തിന്റെ രക്ഷാകരപദ്ധതി അവരിൽ ഫലമണിയിക്കാനും അവരിലൂടെ ദൈവത്തിന്റെ രാജ്യം ലോകത്തിൽ പണിതുയർത്താനും പരിശുദ്ധാത്മാവിനാൽ പ്രചോദിതമായ സഭാസമൂഹം മുഴുവനും യുവജനങ്ങളോടുകൂടിയും യുവജനങ്ങൾക്കുവേണ്ടിയും സാക്ഷാത്കരിക്കുന്ന എല്ലാ പ്രവൃത്തികൾക്കും നാം കൊടുക്കുന്ന പേരാണ് യുവജനശുശ്രൂഷ (സി.ബി.സി.ഐ യൂത്ത് കമ്മീഷൻ)

## ലക്ഷ്യങ്ങൾ

1. ഓരോ യുവാവിന്റെയും യുവതിയുടെയും എല്ലാ യുവജനങ്ങളുടെയും വ്യക്തിപരവും ആത്മീയവും സമഗ്രവുമായ വളർച്ചയ്ക്കു വേണ്ടി പ്രവർത്തിക്കുക.
2. സഭയുടെ ജീവനിലും ദൗത്യത്തിലും പ്രവർത്തനങ്ങളിലും ഉത്തരവാദിത്വപൂർണ്ണമായ പങ്കാളിത്തം നൽകിക്കൊണ്ട് യുവജനങ്ങളെ സഭയുടെ നേതൃത്വനിരയിലേക്ക് ചേർത്തു നിറുത്തുക.
3. ക്രിസ്തുശിഷ്യരായിത്തീർന്ന് നീതിക്കും സമാധാനത്തിനും വികസനത്തിനും വേണ്ടി പ്രവർത്തിച്ച് ലോകത്തെ ദൈവരാജ്യാനുസൃതമായി രൂപാന്തരപ്പെടുത്തുവാൻ യുവജനങ്ങളെ ശാക്തീകരിക്കുക.

## മാനങ്ങൾ

1. യുവജനങ്ങൾക്ക് മുതിർന്ന തലമുറ ചെയ്യുന്ന ശുശ്രൂഷ
2. യുവജനങ്ങളോടൊപ്പം മുതിർന്ന തലമുറ ചെയ്യുന്ന ശുശ്രൂഷ
3. യുവജനങ്ങളാൽ ചെയ്യപ്പെടുന്ന ശുശ്രൂഷ
4. യുവജനങ്ങൾക്കു വേണ്ടി മററുള്ളവർ ചെയ്യുന്ന ശുശ്രൂഷ.

# കെ. സി. വൈ. എം. യുവജന ശുശ്രൂഷാസംരംഭങ്ങൾ

കെ.സി.വൈ.എം യുവജനമുന്നേറ്റം, രജത ജൂബിലിയാനന്തര പ്രവർത്തക സംവിധാനത്തിലും ശുശ്രൂഷയിലും നവീനമായൊരു സമീപനം സ്വീകരിക്കുകയാണ്. സഭയിലും സമൂഹത്തിലും സമുന്നതരായ നേതാക്കളെ അണിനിരത്താനാണ് 40 വർഷവും നാം നിരന്തരം പരിശ്രമിച്ചത്. പ്രസ്ഥാനത്തിന്റെ ഔദ്യോഗിക ഭാരവാഹിത്വവും പ്രായപരിധിയും പൂർത്തിയാക്കിയ ത്യാഗധനരായ അനേകം നേതാക്കളാൽ ധന്യമാണ് കെ.സി.വൈ.എം. സമൂഹത്തിന്റെ വിവിധ മേഖലകളിൽ വിന്യസിച്ചിരിക്കുന്ന , ഇവരുടെ വിവിധങ്ങളായ നേതൃത്വപാടവം ഉപയുക്തമാക്കാൻ ഒരു വേദി എന്ന സ്വപ്നം ഇനിയും സാക്ഷാത്കരിക്കേണ്ടതുണ്ട്. ഇതോടൊപ്പംതന്നെ സംസ്ഥാന നേതൃത്വത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രതിഭാധനരായ സംസ്ഥാനസിൻഡിക്കേറ്റംഗങ്ങളുമുണ്ട്. 32 രൂപതാ ഘടകങ്ങളിലും നേതൃത്വസിദ്ധി നിറഞ്ഞുനിൽക്കുന്ന യുവനിരയുടെ മുന്നേറ്റവും നടക്കുന്നുണ്ട്. ഈ നേതൃത്വങ്ങൾക്ക് ഒരു ശരീരത്തിലെ വിവിധ അവയവങ്ങളെപ്പോലെ പ്രവർത്തിക്കുവാൻ സാഹചര്യം ഒരുക്കുക എന്നതാണ് കെ.സി.വൈ.എം നിയോഗം.

ചരിത്രത്തിൽ കെ.സി.വൈ.എം ഊന്നൽ കൊടുത്ത് ഇടപെട്ടിട്ടുള്ള പ്രധാനപ്പെട്ട ചില മേഖലകളുണ്ട്. അതോടൊപ്പം തന്നെ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ചില മേഖലകളിൽ സവിശേഷ ശ്രദ്ധയും ശ്രദ്ധേയമായ നേതൃത്വവും ഇപ്പോൾ നൽകേണ്ടതുമുണ്ട്. ഈ ശുശ്രൂഷാസംവിധാനത്തെ ഒൻപതായിട്ടാണ് തിരിച്ചിരിക്കുന്നത്. നവം പൂർണതയുടെ അക്കമാണല്ലോ. നവരസവും പൂർണതയെയാണ് പുൽകുന്നത്. എല്ലാ സിൻഡിക്കേറ്റംഗങ്ങളും ഏതെങ്കിലുമൊരു സംവിധാനത്തിന്റെ ഭാഗഭാക്കുകളായിരിക്കും. ഒൻപതുപേരുടെ സെക്രട്ടറിയേറ്റ് എന്നതിനേക്കാൾ സംസ്ഥാനത്തിന്റെ പ്രവർത്തക സമിതി സിൻഡിക്കേറ്റാണെന്ന ഉത്തരവാദിത്വബോധത്തിനാണ് ഈ സമീപനം ഊന്നൽ കൊടുത്തത്.

കെ.സി.വൈ.എം യുവജനശുശ്രൂഷയ്ക്ക് ആനുകാലികമായ ഒരു പ്രവർത്തനസംസ്കാരം ആവിഷ്കരിക്കാനുള്ള ശ്രമമാണിത്. കെ.സി.വൈ.എം സ്ഥാപിതമായതുതന്നെ സഭയിലെയും സമൂഹത്തിലെയും സകല യുവജനങ്ങൾക്കും സമഗ്രമായി ശുശ്രൂഷ ചെയ്യാനും എല്ലാ യുവജനങ്ങളുടെയും വിവിധങ്ങളായ കഴിവുകളും അഭിരുചികളും സമാഹരിച്ച് സഭയെയും സമൂഹത്തെയും ധന്യമാക്കാനുമാണ്. എല്ലാ തരത്തിലും എല്ലാ തലങ്ങളിലുമുള്ള എല്ലാ യുവജനങ്ങളെയും സഭാധർമ്മത്തിൽ സജീവരാക്കാനാണ് വ്യത്യസ്തങ്ങളായ ഈ സംരംഭങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത്. സമഗ്രമായ ഒരു യുവജനശുശ്രൂഷയാണ് ഇതിലൂടെ സംജാതമാകുന്നത്. എല്ലാ തലങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഈ സംവിധാനം സകല യുവജനങ്ങളെയും സഭയിലേക്ക് അടുപ്പിക്കും. സകല യുവജനങ്ങളിലേക്കും സഭയുടെ അജപാലനശുശ്രൂഷ എത്തിപ്പെടുകയും ചെയ്യും. പ്രാർത്ഥന, പഠനം, ജീവകാരുണ്യ പ്രവർത്തനം, കൗൺസലിംഗ്, ഗൈഡൻസ്, മാനവികതയ്ക്കുള്ള പ്രവർത്തനം, സന്നദ്ധസേവനം, സാമൂഹിക തിന്മകൾക്കെതിരെയുള്ള പോരാട്ടം, അടിസ്ഥാനവർഗ്ഗങ്ങളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള അർപ്പണം, നിയമപരമായ ഇടപെടലുകൾ, സ്ത്രീ മുന്നേറ്റം, കലാ-സാംസ്കാരിക വേദി, തൊഴിൽ പരിശീലനം, കരിയർ ഗൈഡൻസ് നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള ഇടപെടലുകൾ, മതാന്തര സംവാദം, എക്യുമെനിസം , രാഷ്ട്രീയ, സാമൂഹിക സമ്മർദ്ദങ്ങൾ, റിസോഴ്സ് ടീം മുതലായവ ഉൾച്ചേർന്നുള്ള സർവതല സ്പർശിയായ ഒരു സംവിധാനമാണിത്.

# 1 . HOPE
## (Holiness and Order through Prayer & Evangelizatio)

ആത്മീയതയുടെ മടിത്തട്ടായ ഭാരതമണ്ണ് ആത്മീയ ആചാര്യന്മാരുടെ പുണ്യഭൂമിയാണ്. ഉറച്ച ആത്മീയതയിൽ നിന്നേ നിലനിൽക്കുന്ന രാഷ്ട്ര പുനർ നിർമ്മാണം സാധിക്കൂ എന്നു പഠിപ്പിച്ചവരാണ് നമ്മുടെ ദേശീയ നേതാക്കൾ." ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല" എന്ന വചനത്തിൽ അടിസ്ഥാനമായി പ്രാർത്ഥനയ്ക്കും ആത്മീയതയ്ക്കും മുൻതൂക്കം കൊടുത്ത്, പ്രാർത്ഥിക്കാനും ആത്മീയ നേതൃത്വം കൊടുക്കാനും യുവജനങ്ങളെ പ്രേരിപ്പിക്കുന്ന ഒരു കൂട്ടായ്മക്ക് രൂപം കൊടുക്കുക എന്ന ലക്ഷ്യമാണ് ഇതിനുപിന്നിൽ. വിവിധതരം പ്രാർത്ഥനാരീതികൾ - പാശ്ചാത്യവും പൗരസ്ത്യവും യോഗയും പ്രകൃതിധ്യാനവും - ഒക്കെ ഉൾച്ചേരുന്നു ഇവിടെ . കെ.സി. വൈ.എം പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്ന ആത്മീയ ഉറവയായിരിക്കും ആത്യന്തികമായി Hope. അതോടൊപ്പം തന്നെ ഇതര ക്രിസ്തീയ സഭാവിഭാഗങ്ങളുമായുള്ള എക്യുമെനിക്കൽ ബന്ധത്തിനു വഴിയൊരുക്കാനും നേതൃത്വം കൊടുക്കാനും HOPE മുൻകൈയെടുക്കും. EYE (Ecumenical Youth Encounter) എന്ന സംരംഭവും കെ.സി.വൈ.എം ആവിഷ്ക്കരിക്കുന്നത് HOPE ന്റെ നേതൃത്വത്തിലായിരിക്കും."

യുവജനങ്ങളുടെ വിശുദ്ധമായ ജീവിതവും ചിട്ടയായ ജീവിതക്രമവുമാണ് സമൂഹത്തിന് പ്രത്യാശ പകരുന്നത്. പ്രാർത്ഥനാനുഭവത്തിലൂടെയും സുവിശേഷവത്കരണത്തിലൂടെയുമാണ് വിശുദ്ധിയും ക്രമവും സംജാതമാകുക. യുവജനശുശ്രൂഷയുടെ ഒന്നാമത്തെ ഉന്നം പ്രാർത്ഥനയും സുവിശേഷപ്രഘോഷണവുമാണ്. പ്രത്യാശ നഷ്ടപ്പെട്ട് നിരാശതയിലാർന്ന അനേകം യുവജനങ്ങളെ പ്രാർത്ഥനയിലൂടെയും കൗൺസലിങ്ങിലൂടെയും ഗൈഡൻസിലൂടെയും സ്പിരിച്വൽ ഡയറക്ഷനിലൂടെയും സഹായിക്കേണ്ടതുണ്ട്. ധ്യാനത്തിനും കൗൺസലിംഗിനും പ്രാർത്ഥനയ്ക്കും പങ്കുവയ്ക്കലിനും കൂട്ടായ്മയ്ക്കും പ്രാധാന്യമുള്ള HOPE കലാലയങ്ങളിലേക്കും തൊഴിൽമേഖലകളിലേക്കും പ്രവാസി യുവജനങ്ങളിലേക്കും കെ.സി.വൈ.എം. ന്റെ ശുശ്രൂഷ എത്തിക്കാനുള്ള ഏറ്റവും പറ്റിയ ഉപാധിയാണ്. MITHR, ജ്യോതിർഗമയ, FIAT, Eucharistic Taize Prayer, EYE എന്നിവ Hope ന്റെ നേതൃത്വത്തിലായിരിക്കും സംഘടിപ്പിക്കപ്പെടുക."

# 2. INSTILL
## (Inter National Socis Theolpgical Institute for Lay Leadership)

യുവജന തീവ്രനേതൃത്വ പരിശീലനസംരംഭത്തിൽ (YILT) നിന്നും പ്രചോദനം സ്വീകരിച്ച് നിലവിൽ വരുന്ന ഒരു അല്മായ നേതൃത്വ പരിശീലന കളരിയാണിത്. അൽമായരാണ് വരുംകാലങ്ങളിൽ സഭയെയും സമൂഹത്തെയും നയിക്കേണ്ടത്. 21-ാം നൂറ്റാണ്ടിനെയും മൂന്നാം സഹസ്രാബ്ദത്തെയും അല്മായയുഗമെന്നാണ് വിശേഷിപ്പിക്കുന്നത്. ഈ നേതൃത്വം ഫലപ്രദമാകാൻ സാമൂഹികവും ദൈവശാസ്ത്രപരവുമായ പരിശീലനം ആവശ്യമാണ്. യുവമനസ്സുകൾ നല്ല വണ്ണം ഉഴുതുമറിച്ച് ചിന്തകളും ബോദ്ധ്യങ്ങളുംകൊണ്ട് നിറക്കേണ്ടതുണ്ട്. അല്മായ ദൈവശാസ്ത്രജ്ഞരെയും സാമൂഹിക ശാസ്ത്രജ്ഞരേയും വാർത്തെടുക്കാനുള്ള ഈ സംരംഭം ബീജാവാപം ചെയ്യുന്നത് കേരളത്തിലെ 5 കേന്ദ്രങ്ങളിലാണ്. ഒരേ പാഠ്യ പദ്ധതിയും പരിശീലനവും വിലയിരുത്തലും എല്ലായിടത്തും നടപ്പിൽവരുത്താൻ ശ്രമിക്കും. വർഷത്തിൽ 3 തവണയെങ്കിലും എല്ലാ പരിശീലകരും പഠിതാക്കളും ഒരു സ്ഥലത്ത് സമ്മേളിക്കുന്ന ഈ ബൗദ്ധിക പരി

ശീലനത്തിൽ ദേശീയ അന്തർദേശീയ ഗുരുഭൂതരെ ഉൾപ്പെടുത്താനാണ് പദ്ധതി. Clear Vision Content, Communication, Conviction, Character, Committment എന്നിവയ്ക്ക് മുൻതൂക്കം കൊടുത്തായിരിക്കും പരിശീലനം ആവിഷ്കരിക്കുന്നത്.തൊഴിൽ മാർഗ്ഗനിർദ്ദേശവും കരിയർ ഗൈഡൻസും എംപ്ലോയ്മെന്റ് ബ്യൂറോയും INSTILL നോട് അനുബന്ധിച്ചുണ്ടാകും.

## 3. WHY
## (World of Healing Youth)

യുവത്വം ചോദ്യങ്ങളുടെ കാലഘട്ടമാണ്. ധാരാളം ദുരന്തങ്ങളുടെയും പ്രശ്നങ്ങളുടെയും മുമ്പിൽ ആദ്യചോദ്യം ഉയർത്തുന്നത് യുവജനങ്ങളാണ്. കർമ്മം ചെയ്യാനുള്ള സർഗ്ഗശേഷിയും സന്നദ്ധതയുമാണ് ഈ ചോദ്യങ്ങളിലൂടെ പ്രകടമാകുന്നത്. ചോദ്യങ്ങളിലും ഉത്തരങ്ങളിലും പൂർണ്ണ വിരാമമിടാതെ പരിഹാരമായി കടന്നുവരുന്ന സന്നദ്ധസേനയാണ് WHY. സമഗ്ര പരിശീലനം സിദ്ധിക്കുന്ന ഈ സേന, അത്യാഹിതങ്ങളിലും അടിയന്തിരഘട്ടങ്ങളിലും മാത്രമല്ല, ആപത്തുകൾക്കും ദുരന്തങ്ങൾക്കും വഴിതെളിക്കുന്ന സാഹചര്യം പഠിച്ചറിഞ്ഞ് അതിന്റെ വേരുകൾ കണ്ടെത്തി ശാശ്വതപരിഹാരത്തിന് പരിശ്രമിക്കുന്നവരുടെ സംഘമായിരിക്കും. രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ ഈ സന്നദ്ധസേവർ ക്രിയാത്മക പങ്കുവഹിക്കും. രക്തദാനസേനയിൽ തുടങ്ങി കെ.സി.വൈ.എം. ന്റെ എല്ലാ സന്നദ്ധപ്രവർത്തനങ്ങളുടേയും സാരഥികൾ WHY ആയിരിക്കും.

വ്രണിതമാണ് നമ്മുടെ സമൂഹവും മനുഷ്യരും. സൗഖ്യദായകമായ ഒരു സ്പർശനത്തിന് കേഴുന്നു ജനം. മുറിവുണക്കാൻ വരുന്നവരെ കാത്തിരിക്കുന്നു കർഷകരും മത്സ്യത്തൊഴിലാളികളും ദളിതരും തൊഴിലില്ലാത്തവരും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരും തീരാരോഗികളും വൃദ്ധജനങ്ങളുമൊക്കെ. ഇവരുടെ പ്രശ്നങ്ങൾ തീവ്രമായി പഠിച്ച്, തീക്ഷ്ണതയോടെ ഇടപെടുന്ന Activists കളുടെ ഒരു കൂട്ടമാണ് Why. ചെറിയ ഒരു പറ്റം യുവാക്കൾ പുളിമാവുപോലെ കെ.സി.വൈ.എം - ൽ പ്രവർത്തിക്കുന്നു. വർഷാവർഷങ്ങളിൽ ഭാരവാഹികൾ മാറിവരുമ്പോഴും മാറ്റമില്ലാത്ത സമർപ്പണവുമായി ഇവർ എന്നും ഉണ്ടാകും. പൂർണമായി കമ്മിറ്റ് ചെയ്യാൻ ഒരു മേഖലയും ഉണ്ടാകും. മുകളിൽ പറഞ്ഞതുകൂടാതെ പ്രകൃതിജീവനം, യോഗ, ബദൽ ജീവിതശൈലി എന്നീ മേഖലകളിലൊക്കെ കെ.സി.വൈ.എം - ന് ഒരു തീവ്രസംഘത്തെ സൃഷ്ടിക്കാൻ ഈ സന്നദ്ധസേവനസേന ഉപകരിക്കും.

### 4. പ്രചോദിനി

യുവവനിതകളുടെ ശക്തീകരണത്തിനും സംഘാതമായ പ്രവർത്തനങ്ങൾക്കും കെ.സി. വൈ.എം ഒരുക്കുന്ന വനിതാവേദിയാണിത്. സ്ത്രീത്വം ചൂഷണം ചെയ്യപ്പെടുകയാണിന്ന്. പ്രകോപനങ്ങൾക്ക് പ്രസക്തിയും സ്വാധീനവും നഷ്ടപ്പെട്ടിരിക്കുന്നു. 'പ്രചോദന'മാണ് ഇന്ന് പ്രധാനം. വീരവ്യക്തിത്വങ്ങളുടെ പിന്നിലും മുന്നിലും ഇരുവശങ്ങളിലും ധീരവനിതകളുടെ സാന്നിദ്ധ്യമുണ്ടായിരുന്നു എന്നത് ചരിത്രവസ്തുത. ലോകം കണ്ട ഏറ്റവും വലിയ നേതൃത്വമായ യേശുവിന്റെ ആദ്യ അത്ഭുതത്തിന് പ്രചോദനമായത് നസ്രസ്സിലെ പരിശുദ്ധ കന്യകാമറിയമാണ്. സ്ത്രീപുരുഷഭേദമെന്യേ സമൂഹത്തിലെ വീര്യം കുറഞ്ഞുപോകുന്ന മനുഷ്യമക്കളുടെ ശക്തീകരണത്തിനുള്ള ധർമ്മമാണ് ഇന്ന് സ്ത്രീത്വത്തിനുള്ളത്. സ്ത്രീത്വത്തിന്റെ 'ശ്രീ' യായി പ്രചോദിനി പ്രസരിക്കും. രാഷ്ട്രീയവും തൊഴിൽ പരവുമായ ശാക്തീകരണത്തിനും സംരംഭത്തിനും മുൻതൂക്കം കൊടുത്ത് സ്ത്രീചൂഷണത്തിന് അറുതിവരുത്തുവാൻ ഈ സ്ത്രീമുന്നേറ്റം അക്ഷീണം യത്നിക്കും.

## 5 BADHANIYA (ബഥാനിയ)
## (Bavkward, Alienated, Disadvantaged, Helples, Afflicted Neglected and inflicted Youth's Abode)

സഹോദരതുല്യം സഹവസിക്കേണ്ട സമൂഹത്തിൽ നിന്നും സാഹചര്യങ്ങളുടെയും സമ്മർദ്ദങ്ങളുടെയും സംഘട്ടനങ്ങളുടെയും പേരിൽ അരികിലാക്കപ്പെട്ടവർ അനവധിയാണ്. രോഗദുരിതങ്ങളും ഉറ്റവരുടെ വേർപാടും സമ്പന്നതയുടെ ബാക്കിപത്രങ്ങളുമായ ഈ മനുഷ്യമക്കൾക്ക് ഒരു സാഹോദര്യസദനമാണ് കെ.സി.വൈ.എം ബഥാനിയ ചാരിറ്റീസ്. പ്രത്യേകമായി സംഘർഷത്തിലകപ്പെട്ട, അസ്വസ്ഥരായ, പ്രശ്നത്തിലകപ്പെട്ട, എയ്ഡ്സ് പോലുള്ള സാംക്രമിക രോഗങ്ങളുള്ള യുവജനങ്ങൾക്കുള്ള പ്രത്യേക അജപാലനത്തിന്റെയും പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും ഒരു സങ്കേതമായിരിക്കും ബഥാനിയ ചാരിറ്റീസ് . മദർ തെരേസയാണിതിന് മദ്ധ്യസ്ഥ. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മാനവികതയുയർത്താനുള്ള സംരംഭങ്ങൾക്കും മുൻതൂക്കം കൊടുക്കുന്ന പ്രവർത്തനശൈലിയായിരിക്കും ഇത് അവലംബിക്കുന്നത്. യൂത്ത് അറ്റ് റിസ്ക് വിഭാഗത്തിലുള്ള യുവജനങ്ങളെ കേന്ദ്രീകരിച്ച് പ്രത്യേകം പ്രവർത്തനപദ്ധതികളുണ്ടാകും. അതുപോലെ കൗൺസലിങിനും ഹീലിംഗിനും ഗൈഡൻസിനും എല്ലാ യുവജനങ്ങൾക്കും ഈ വേദിയിലൂടെ അവസരമൊരുക്കും.

**യുവക്ഷേമ**

എല്ലാ രൂപതകളിലും മിജാർക്കിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പരസ്പരസഹായ സംഘമാണിത്. ഇടവക യൂണിറ്റിൽ പരമാവധി 20 പേർക്ക് അംഗങ്ങളാകാം. എല്ലാ ആഴ്ചയിലും സമ്മേളിക്കുകയും നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പകൾ അനുവദിക്കുകയും വികസന ഉപവി പ്രവർത്തനങ്ങൾ സ്വീകരിക്കുകയും വായ്പകൾ അനുവദിക്കുകയും വികസന-ഉപവി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നതിലൂടെ യുവത്വത്തിന് സാമ്പത്തിക-സാമൂഹിക മേഖലയിൽ കൃത്യമായ ദിശാദർശനം നൽകാനുള്ള സംരംഭമാണിത്. ഓരോ രൂപതയിലും കുറഞ്ഞത് 20 യൂണിറ്റുകളെങ്കിലും രൂപീകരിക്കാൻ ഊർജ്ജിത ശ്രമങ്ങൾ നടത്തണം. ഇതിനായി രൂപതാ സമിതിയിൽ പ്രത്യേക ടീമിനെ ചുമതലപ്പെടുത്തണം. യുവക്ഷേമയുടെ നിയമാവലി സംസ്ഥാന ഓഫീസിൽ നിന്ന് ലഭിക്കും. വിവിധ രൂപതകളിൽ നിന്നുള്ള ഏറ്റവും മികച്ച യൂണിറ്റുകളിൽ പത്തെണ്ണത്തിന് 5000 രൂപയുടെ സംസ്ഥാനതല അവാർഡ് പ്രവർത്തന വർഷാവസാനം നൽകുന്നതാണ്.

## 6.VEEDU വീട്
## (Volunteers for Ecological Equilibrium and Developmental Unity)

ഈ പ്രപഞ്ചം നമ്മുടെ വീടാണ്. ഈ തറവാട്ടിലുള്ള ചേതനവും അചേതനവുമായ സകലതിനെയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം കുടുംബാംഗങ്ങളായ നാമോരോരുത്തരുടേതുമാണ്. ജീവന്റെ നിലനിൽപ്പിനും സുസ്ഥിതിക്കും ഉതകുന്ന ജൈവ- അജൈവ ചുറ്റുപാടുകളുടെ ബന്ധമാണ് ഈ ഭവനത്തിന്റെ കരുത്ത്. മണ്ണും ജലവും വായുവും പ്രകൃതിയും പരിസ്ഥിതിയും ഒക്കെ ഏറെ വിലപ്പെട്ടതാണ് ഈ വീടിന്. മനുഷ്യനും മൃഗങ്ങളും ബഹുജീവജാലങ്ങളും കാടും നാടും നഗരവുമൊക്കെ സന്തുലിതമായി സംരക്ഷിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. ഈ സംരക്ഷണം വികസനത്തിന് വിഘാതമാകുന്നില്ല എന്നു കൂടി ഉറപ്പുവരുത്തിയാലേ മനുഷ്യപുരോഗതിയും സമൂഹത്തിന്റെ ഐശ്വര്യവും സംജാതമാകൂ. പ്രകൃതി ജീവനത്തോടൊപ്പം വികസനത്തിനുവേണ്ടി ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നു, ഈ പ്രസ്ഥാനം. പ്രകൃതി സംരക്ഷണവും പരി

സ്ഥിതി സംരക്ഷണവും ശുചിത്വവും വികസനവുമാണ്. 'വീടി'ന്റെ ധന്യത. പരിസര മലിനീകരണം, പ്രകൃതി വിഭവങ്ങളുടെ ചൂഷണം എന്നിവയ്ക്കെതിരെ ഉയരുന്ന പടവാളായിരിക്കും ഈ സംരംഭം.

**അടുക്കളപ്പച്ച**

പച്ചക്കറിക്കും പൂവിനും പാലിനും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ലോറി കാത്തു നിൽക്കുകയാണ് നാം. ഇവയുടെ ഉത്പാദനമേഖലകളിൽ ഒരുതിരുത്ത് ആവശ്യമല്ലേ? ഒരു സെന്റിലെങ്കിലും ജൈവ പച്ചക്കറികൃഷി ചെയ്തുകൊണ്ട് മാതൃകയാകാൻ കെ.സി.വൈ.എം പ്രവർത്തകന് ബാധ്യതയുണ്ട്. അതാണ് അടുക്കളപ്പച്ച. സ്വന്തമായി സ്ഥലമില്ലാത്തവർക്ക് ടെറസ്, മൺചട്ടികൾ, ചാക്ക് എന്നിവയിൽ ജൈവമിശ്രിതം നിറച്ചും കൃഷി ചെയ്യാം. വിവിധ ഇലക്കറികൾ, കിഴങ്ങുകൾ, കായ്കറികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മിശ്ര വിളത്തോട്ടങ്ങളായിരിക്കണം. വിത്തുകൾ, ജൈവവളം തുടങ്ങിയവ കൃഷിഭവനുകൾ, സോഷ്യൽ സർവ്വീസ് സംരംഭങ്ങൾ തുടങ്ങിയവയിലൂടെ സംഭരിച്ച് സൗജന്യമായി നൽകാൻ രൂപതാസമിതികൾ നേതൃത്വം നൽകിയാൽ ഈ ശ്രമത്തെ വൻവിജയമാക്കി മാറ്റാൻ കഴിയും. കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ പരിശീലനം, പിന്തുണ എന്നിവയും നൽകണം. ഇവയ്ക്കാവശ്യമായ ബോധവൽക്കരണോപാധികൾ സംസ്ഥാനസമിതി ലഭ്യമാക്കുന്നതാണ്. മികച്ച പച്ചക്കറിത്തോട്ടങ്ങളെ മേഖല - രൂപതാ തലങ്ങളിൽ വിദഗ്ധസമിതി കണ്ടെത്തി അംഗീകരിക്കേണ്ടതാണ്. ഓരോ രൂപതയും തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച അടുക്കളത്തോട്ടത്തിന് സംസ്ഥാന സമിതി പ്രോത്സാഹനമായി അവാർഡ് നൽകി ആദരിക്കുന്നതാണ്. ഭക്ഷ്യസുരക്ഷയുടെ ഒരു പടവായ പച്ചപിടിച്ച ഈ യത്നത്തെ വിജയിപ്പിക്കാൻ രൂപതാ സമിതികൾ പ്രത്യേക ശ്രദ്ധ വയ്ക്കണം.

## 7. യുവനീതി

'നീതി ജലംപോലെ' ഒഴുകാത്ത സമകാലിക സമൂഹം നിയമനിഷേധങ്ങളുടെയും അവകാശ ലംഘനങ്ങളുടെയും ഈറ്റില്ലമായി മാറുന്നു. ഈ സാഹചര്യത്തിൽ സാമൂഹികനീതിയിലധിഷ്ഠിതമായി നീതിന്യായ രംഗത്തു പ്രവർത്തിക്കുന്ന യുവജനനേതാക്കളുടെ കൂട്ടായ്മയാണിത്. കെ.സി.വൈ.എം. സാമൂഹിക ഇടപെടലുകൾക്ക് നിയമത്തിന്റെ പിൻബലത്തോടുകൂടി ഒരു പുതിയ മുഖം ഇതുവഴി കൈവരും. നീതി നിഷേധിക്കപ്പെടുന്നവരുടെ പക്ഷംചേർന്ന് പൊതു താൽപര്യഹർജികൾക്കും മറ്റും നേതൃത്വം നൽകുന്ന ഒരു സന്നദ്ധസംഘടനയായിരിക്കും ഇത്. ആവശ്യമുള്ളവർക്ക് നിയമസഹായമെത്തിക്കാൻ സമാന്തര സംഘടനകളുമായി സഹകരിച്ചു പ്രവർത്തിക്കും. നീതിന്യായത്തിന്റെ നെറുകയിലെത്തിയ കെ.സി.വൈ.എം മദ്ധ്യസ്ഥൻ വിശുദ്ധ തോമസ് മൂറിന്റെ പ്രത്യേക പരിലാളനയിൽ ഇത് പടർന്നുപന്തലിക്കും. മാനവികതയ്ക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടിയുള്ള യുവജനബോധവത്കരണവും സാമൂഹിക, രാഷ്ട്രീയ ഇടപെടുലകളും ഈ സംരംഭത്തിലുണ്ടാകും.

## 8 മനീഷ

മനുഷ്യനെ മനീഷിയാക്കാനുള്ള ഒരു മഹായജ്ഞം കാലഘട്ടത്തിന്റെ അനിവാര്യതയാണ്. മനീഷികളുടെ ഉദിച്ചുയരലിനുള്ള വേദിയാണ് മനീഷ. മതാന്തര സംവാദത്തിനും സഹകരണത്തിനും പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് കലാ, സാഹിത്യ, സാംസ്കാരിക രംഗങ്ങളുടെ പരിപോഷണത്തിനും മനീഷ പ്രാധാന്യം കൊടുക്കുന്നു. മത മൗലിക വാദവും തീവ്രവാദവും വർഗ്ഗീയതയും വേരോടുന്ന ഈ കാലഘട്ടത്തിൽ മതത്തിന്റെ സ്നേഹമുഖം വെളിപ്പെടുത്താൻ ഇത് സഹായകമാകും. കെ.സി.വൈ.എം ജിഹ്വകൾ യൗനവനവും വിമോചനവും ഇതര പ്രസിദ്ധീകരണങ്ങളുമൊക്കെ മനീഷയുടെ മേൽനോട്ടത്തിലായിരിക്കും പ്രസിദ്ധീകരിക്കുക.

ഉൽസവ്, മറ്റു സംസ്ഥാതല കലാ- സാഹിത്യ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക മനീഷ യായിരിക്കും. ആശയങ്ങളും ചിന്തകളും ഭാവനയുമുള്ള സംസ്കാരസമ്പന്നരും മൂല്യബോധവുമുള്ളവരുമായ ഒരു തലമുറയെ വാർത്തെടുക്കാനുള്ള ഉദ്യമമാണിത്. സർഗാത്മകമായി സമൂഹത്തെ ഉൾക്കൊള്ളാനും ക്രിയാത്മകമായി സംബോധനചെയ്യാനും ഈ സാംസ്കാരികസംരംഭം ഹേതുവാകും. സദ്ചിന്ത, സമഭാവന, സംവാദം, സംവേദനം, സൗഹൃദം, സമന്വയം സഹകരണം, സമത്വസമീപനം, സമൂഹസമുദ്ധാരണം എന്നീ മാനങ്ങൾക്കും മാർഗങ്ങൾക്കുമാണ് മനീഷ മുൻതൂക്കം കൊടുക്കുന്നത്. ഗ്രന്ഥശാല, വായനശാല, ഇലക്ട്രോണിക് മീഡിയ, കലാ- സാഹിത്യ രചനകൾ, മത്സരങ്ങൾ മുതലായവയിലൂടെ മൂല്യബോധമുള്ള ഒരു യുവതലമുറ ഉദയം ചെയ്യും.

## 9. സത്ബോധന

പ്രബോധകരാണ് പ്രഘോഷകരേക്കാൾ സമൂഹത്തിൽ പ്രതിപ്രവർത്തനം നടത്താൻ പ്രാപ്തിയുള്ളവർ. സത്യവും ശുദ്ധവുമായ പ്രബോധനങ്ങളാണ് പ്രവർത്തനനിരതരായ നേതാക്കളെ സൃഷ്ടിക്കുന്നത്. കാലിക യാഥാർത്ഥ്യങ്ങൾ ആധികാരികമായി പഠിച്ച് ക്രിസ്തുദർശനങ്ങളിലധിഷ്ഠിതമായി നയങ്ങളും നിലപാടുകളും സമീപനങ്ങളും സ്വീകരിക്കുവാൻ കെ.സി. വൈ.എം. ന്റെ രാഷ്ട്രീയ, സാമൂഹിക ഇടപെടലുകൾക്ക് ചുക്കാൻ പിടിക്കുന്ന വേദിയും സത്ബോധന ആയിരിക്കും. ബോധവത്കരണത്തിന്റെയും സമൂഹപുനർനിർമ്മാണ പ്രക്രിയയുടെയും ഉപ്പും പുളിമാവുമായി ഇവർ ഉൾച്ചേർന്ന് പ്രവർത്തിക്കും.

ആനുകാലിക സംഭവവികാസങ്ങൾ ക്രൈസ്തവദർശനത്തിന്റെ യും കെ.സി.വൈ.എം. ന്റെ ലക്ഷ്യത്തിന്റെയും വെളിച്ചത്തിൽ വിശകലനം ചെയ്ത് നിലപാടുകളും സമീപനങ്ങളും സ്വീകരിക്കുവാൻ ഭാരവാഹികളെ സഹായിക്കുന്ന സംരംഭമാണിത്. ഒരു ഠവശിസ ഠമിസ ന്റെ റോളിൽ ബൗദ്ധിക സ്രോതസ്സായി, കാലാകാലങ്ങളിൽ ശരിയായ വീക്ഷണത്തോടുകൂടി കെ.സി. വൈ.എം കർമ്മപഥത്തെ അന്യൂനവും അനന്യവുമാക്കുവാൻ ഈ സംവിധാനം സഹായകമാകും. പ്രത്യേകിച്ചും രാഷ്ട്രീയ,സാമൂഹിക ഇടപെടലുകൾക്ക് ത്വരിതഗതിയിലുള്ള താങ്ങും തണലുമായിരിക്കും സത്ബോധന. കേരളത്തിലെവിടെയും ഏതു വിഷയത്തെക്കുറിച്ചും ആധുനിക ആശയവിനിമയ ഉപാധികളോടെ ക്ലാസ്സുകൾ നയിക്കാൻ പ്രാപ്തരായ ഒരു റിസോഴ്സ് ടീമിന് രൂപം നൽകാനും നേതൃത്വം വഹിക്കാനും സത്ബോധന സഹായകമാകും.

# വിശുദ്ധ തോമസ് മൂർ

## (കെ. സി. വൈ. എം. ന്റെ സ്വർഗീയ മദ്ധ്യസ്ഥൻ)

"'ദൈവത്തിൽ സന്തോഷിക്കുക" എന്ന ജീവിതദർശനത്താൽ മനുഷ്യായുസ്സ് ധന്യമാക്കിയ വിശുദ്ധ തോമസ് മൂറാണ് കേരള കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ സ്വർഗീയ മദ്ധ്യസ്ഥൻ. അഭിഭാഷകരുടെ പ്രത്യേക മദ്ധ്യസ്ഥനായ ഈ വിശുദ്ധൻ, ക്രിസ്തുജയന്തിയുടെ മഹാജൂബിലി അവസരത്തിൽ രാഷ്ട്രീയ പ്രവർത്തകരുടെയും പ്രത്യേക മദ്ധ്യസ്ഥനായി പ്രഖ്യാപിക്കപ്പെട്ടു.

ലണ്ടനിൽ 1477 ലാണ് തോമസ് മൂറിന്റെ ജനനം. കാന്റർബറി ആർച്ച് ബിഷപ്പായിരുന്ന കാർഡിനൽ ജോൺ മോർട്ടന്റെ സംരക്ഷണത്തിൽ വിദ്യാഭ്യാസം നടത്തി. 14-ാം വയസ്സിൽ ഓക്സ്ഫോർഡിലെ വിദ്യാർത്ഥിയായി, 22-ാമത്തെ വയസ്സിൽ നിയമബിരുദം നേടി മനുഷ്യസ്നേഹിയായ നിയമജ്ഞനായിത്തീർന്നു. 26-ാമത്തെ വയസ്സിൽ നിയമസഭാംഗമായി 27-ാമത്തെ വയസ്സിൽ 17 കാരിയായ ജയിൻ കോൾട്ട് എന്ന യുവതിയെ വിവാഹം ചെയ്തു. മാർഗരറ്റ്, സിസിലി, എലിസബത്ത് , ജോൺ എന്നിവരാണ് മക്കൾ. 1511 - ൽ പ്രിയപത്നി ജയിനിന്റെ മരണത്തെത്തുടർന്ന് ആലീസ് മിൽട്ടൺ എന്ന വിധവയെ വിവാഹം ചെയ്തു. ലണ്ടൻ നഗരത്തിനടുത്തുള്ള ബക്കിൾസ്ബറിയിൽ നിന്നും തേംസ് നദീതീരത്തുള്ള ചെൽസിയിൽ താമസമാക്കിയ മൂർ ലണ്ടൻ നഗരത്തിന്റെ ഉപാദ്ധ്യക്ഷൻ, നിയമാദ്ധ്യാപകൻ എന്നീ നിലകളിൽ തിളങ്ങിയ വ്യക്തിയായിരുന്നു. 37-ാം വയസ്സിൽ രാജ്യതന്ത്രജ്ഞനും (നയതന്ത്രജ്ഞൻ) സ്ഥാനപതിയുമായ (അംബാസഡർ) മൂർ 43-ാം വയസ്സിൽ ഇംഗ്ലണ്ടിന്റെ ധനകാര്യാലയത്തിൽ ഉപാദ്ധ്യക്ഷൻ, ജനസഭയുടെ സ്പീക്കർ, ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് സർവകലാശാലകളുടെ രക്ഷാധികാരി എന്നീ ഉന്നതപദവികളാൽ അലംകൃതനായി. 1529 ൽ 51-ാം വയസ്സിൽ ഇംഗ്ലണ്ടിലെ സമുന്നത പദവിയായ ലോർഡ് ചാൻസലർ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.

പ്രഗൽഭനായ നിയമപണ്ഡിതനും ഹ്യൂമനിസ്റ്റും പ്രസംഗകനും എഴുത്തുകാരനുമായിരുന്ന മൂറിന് ആംഗലസാഹിത്യത്തിലും ലത്തീനിലും ഗ്രീക്കിലും അവഗാഹമായ അറിവുണ്ടായിരുന്നു. യൂറോപ്പിലെ പ്രഗൽഭരായ പണ്ഡിതരുമായി അടുത്ത പരിചയമുണ്ടായിരുന്ന അദ്ദേഹം റോട്ടർഡമിൽനിന്നുള്ള ലോകപ്രശസ്തിയാർജിച്ച ഡച്ചുകാരനായ ഇറാസ്മൂസിന്റെ ഉറ്റ സുഹൃത്താണ്. ഹോൾബെയിൽ ഏറെ നാൾ അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ചിട്ടുണ്ട്. ഷേക്സ്പിയറെ ശക്തിയായി സ്വാധീനിച്ച റിച്ചാർഡ് മൂന്നാമന്റെ ചരിത്രം ഇംഗ്ലീഷ് ചരിത്ര ഗ്രന്ഥങ്ങളുടെ മുന്നോടിയായി രചിച്ചത് മൂറായിരുന്നു. 16-ാം നൂറ്റാണ്ടിൽ രാഷ്ട്രത്തെക്കുറിച്ച് എഴുതപ്പെട്ട മക്കിയവെല്ലിയുടെ 'പ്രിൻസ്' പോലെ ശ്രദ്ധേയമായ ഗ്രന്ഥമായിരുന്നു തോമസ് മൂറിന്റെ ഉട്ടോപ്യ. സമത്വം, സാഹോദര്യം തുടങ്ങിയ സുവിശേഷമൂല്യങ്ങളിലടിസ്ഥാനമിട്ടതും ജനാധിപത്യക്രമത്തിലുള്ളതുമായ ഒരു ആദർശ രാഷ്ട്രത്തെക്കുറിച്ചുള്ള സങ്കൽപമാണ് ഇതിലെ ഇതിവൃത്തം. നർമ്മബോധമുള്ളവനും നടനും ലഘുനാടകങ്ങളുടെ കർത്താവുമായ തോമസ് മൂറിനാണ് ഇറാസ്മൂസ് തന്റെ പ്രസിദ്ധമായ മണ്ടത്തരത്തിനു സ്തുതി എന്ന ഗ്രന്ഥം സമർപ്പിച്ചത്.

നിസ്തുലമായ ബുദ്ധിശക്തിയും ഇരുമ്പുപോലത്തെ ദൃഢനിശ്ചയവും ഉൽകൃഷ്ടമായ നീതിബോധവും നിർഭയമായ പെരുമാറ്റവും തോമസ് മൂറിന്റെ കൈമുതലായിരുന്നു. സ്നേഹ ശീലനും വിനയാന്വിതനും ആർദ്ര ഹൃദയനുമായിരുന്ന മൂർ ഗൗരവത്തോടൊപ്പം പെരുമാറ്റത്തിൽ മാധുര്യവും പ്രസന്നതയും കലർന്ന സ്വഭാവവിശേഷത്തിനുടമയായിരുന്നു. ഏതവസ്ഥയോടും പൊരുത്തപ്പെട്ടുപോകാനുള്ള അസാമാന്യസിദ്ധിയുടെ വിളനിലമായിരുന്നു പ്രതിഭാശാലിയായ ഈ മനുഷ്യസ്നേഹി. വീക്ഷണ ശക്തിയിലും ബുദ്ധിവൈഭവത്തിലും മികച്ചുനിന്ന തോമസ്മൂർ എല്ലാ വശവും ആഴത്തിൽ പഠിച്ചശേഷം എടുക്കുന്ന തീരുമാനത്തിൽ ഉറച്ചുനിന്നിരുന്നു. ഉയർന്ന നീതിബോധമുണ്ടായിരുന്ന ഇദ്ദേഹത്തിന് നിർഭയം ആരുടെയും തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ മടി ഉണ്ടായിരുന്നില്ല. സംസ്കാരസമ്പന്നനായ ഈ മനുഷ്യൻ എല്ലാവരോടും സ്നേഹവും ആദരവും സൗഹൃദവും കാരുണ്യവും പ്രകാശിപ്പിച്ചു. ആഡംബരപൂർണമായ ജീവിതത്തിനടിമപ്പെടാതെ ലളിത ജീവിതപാതയാണ് അദ്ദേഹം തെരഞ്ഞെടുത്തത്. തന്നിൽ നിന്ന് ഭിന്നമായി ചിന്തിച്ചിരുന്നവരുടെ മനസ്സാക്ഷിയെ ബഹുമാനിക്കണമെന്നും അവരെ സ്വന്തം അഭിപ്രായത്തിൽ നിന്നും പിൻവലിക്കാൻ ശ്രമിക്കരുതെന്നും മൂറിന് എപ്പോഴും നിർബന്ധമുണ്ടായിരുന്നു. തന്റെ മനഃസാക്ഷിയനുസരിച്ചേ പ്രവർത്തിക്കുകയുള്ളൂ എന്നുശഠിച്ച മൂർ മറ്റുള്ളവരുടെ മനസ്സാക്ഷിയെപ്പറ്റിയോ വിശ്വസ്തതയെപ്പറ്റിയോ വിവേകത്തെപ്പറ്റിയോ വിധി കല്പിക്കാൻ തുനിയുകയില്ലെന്ന് ഉറച്ചു വിശ്വസിച്ചു.

1529 - ൽ ഹെന്റി എട്ടാമൻ രാജാവാണ് തോമസ്മൂറിനെ ലോർഡ് ചാൻസിലറായി നിയമിച്ചത്. രാജാവ് മാർപാപ്പായുടെ പരമഭക്തനായിരുന്നു. ലൂഥറെയും പ്രൊട്ടസ്റ്റന്റ് നവീകരണത്തെയും ശക്തമായി എതിർത്ത രാജാവ് മാർപാപ്പായെ അനുകൂലിച്ച് പുസ്തകം എഴുതിവത്തിക്കാനിൽ നിന്ന് 'വിശ്വാസ സംരക്ഷകൻ' എന്ന ബഹുമതി നേടി. സഹോദരന്റെ വിധവയായ ഭാര്യയെ വിവാഹം ചെയ്ത ഹെന്റി, ദാമ്പത്യത്തിൽ കിരീടാവകാശിയായി ഒരു പുത്രനെ പ്രതീക്ഷിച്ചു. പ്രതീക്ഷയ്ക്ക് വിരുദ്ധമായി ഒരു പെൺകുട്ടിയെ പ്രസവിച്ച കാതറൈനിൽ നിന്നും വിവാഹമോചനം തേടി മാർപാപ്പായെ സമീപിച്ചു. സുവിശേഷാദർശനങ്ങൾക്കു വിരുദ്ധമായ അക്കാര്യം നിറവേറ്റിക്കൊടുക്കാൻ മാർപാപ്പാ തയ്യാറായില്ല. വിവാഹമോചനക്കാര്യം വത്തിക്കാൻ തുടർച്ചയായി നിഷേധിച്ചപ്പോൾ മാർപാപ്പായോടുള്ള അദ്ദേഹത്തിന്റെ വിശ്വസ്തത ഉലയാൻ തുടങ്ങി. കൊട്ടാരനർത്തകിയായ ആനിബോളിനിൽ അനുരക്തനായ രാജാവ് കാതറൈനെ ഉപേക്ഷിച്ച് ഈ കാമുകിയെ വിവാഹം ചെയ്യാൻ ആഗ്രഹിച്ചു.

1531 - ൽ രാജാവ് മാർപാപ്പായുമായുള്ള ബന്ധം വിടർത്തി ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരിയായി സ്വയം പ്രഖ്യാപിച്ചു. ഈ തെറ്റായ നീക്കത്തെ ശക്തമായി എതിർത്ത് മൂർ 1532 - ൽ ചാൻസലർ പദവി രാജിവച്ചു. തന്റെ ഭാര്യയായ കാതറൈനെ ഉപേക്ഷിച്ച് 1533 - ൽ ഹെന്റി ആനിബോളിനെ വിവാഹം ചെയ്ത് അവളെ പുതിയ രാജ്ഞിയായി അവരോധിച്ചു. 1534 - ൽ രാജാവിന്റെ ഇംഗിതമനുസരിച്ച് പാർലമെന്റ് പരമാധികാര നിയമം (The act of Supremacy) പാസ്സാക്കി. ഈ നിയമം ആനിബോളിനുമായുള്ള ഹെന്റിയുടെ വിവാഹം സാധുവാക്കുകയും ആനിൽനിന്ന് ജനിച്ച എലിസബത്ത് എന്ന കുഞ്ഞിനെ കിരീടാവകാശിയായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ നിയമം ഇംഗ്ലണ്ടിലെ പ്രായപൂർത്തിയായ സകല പൗരരും ഇംഗ്ലണ്ടിലെ ക്രൈസ്തവ സഭയുടെ പരമാധികാരിയായി രാജാവിനെ അംഗീകരിച്ച് അംഗീകാരപത്രത്തിൽ ഒപ്പുവയ്ക്കണമെന്നും വ്യവസ്ഥ ചെയ്തു. ലാംബത്ത് എന്ന സ്ഥലത്തുചെന്ന് ഈ രണ്ട് വ്യവസ്ഥകളും അംഗീകരിച്ച് ഒപ്പുവയ്ക്കാനുള്ള ആവശ്യവുമായി മൂറിന് കത്തുലഭിച്ചു. ഈ നിയമത്തെ നഖശിഖാന്തം എതിർത്ത് അദ്ദേഹം ഒപ്പുവച്ചില്ല. ഭാര്യ ആലീസും മകൾ മാർഗരറ്റും ഉൾപ്പെടെ അനേകം പേർ അദ്ദേഹത്തിന്റെ തീരുമാനം മാറ്റാൻ സമ്മർദ്ദം ചെലുത്തിയെങ്കിലും

ആർക്കും അദ്ദേഹത്തെ സത്യത്തിനും നീതിക്കും വേണ്ടിയുള്ള ഈ തീരുമാനത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. തോമസ് മൂറിന്റെമേൽ രാജ്യദ്രോഹക്കുറ്റം ചുമത്തി, അവർ അദ്ദേഹത്തെ ലണ്ടൻ ടവറിൽ അടയ്ക്കാൻ കല്പന പുറപ്പെടുവിച്ചു. മൂർ രാജകീയമുദ്ര രാജാവിനെ തിരിച്ചേൽപ്പിക്കുന്നു. ഇംഗ്ലണ്ടിലെ പ്രധാനപ്പെട്ട നായകൻ കാരാഗൃഹവാസിയായി സ്വത്തെല്ലാം പരിത്യജിക്കുന്നു. ആദായം കൈവെടിയുന്നു. ആശ്രിതരെയെല്ലാം പറഞ്ഞയയ്ക്കുന്നു. സർക്കാർ തന്റെ സ്വത്ത് കണ്ടുകെട്ടുന്നത് സഹിക്കുന്നു. ദരിദ്രനും അകാലവൃദ്ധനും രോഗിയുമായ ചാൻസലർ ഊന്നുവടിയിൽ ചാരിക്കൊണ്ട് ന്യായാധിപന്മാരെ അഭിമുഖീകരിക്കുന്നു. തന്റെ കുടുംബത്തെ പരിത്യജിക്കുന്നു. കാരാഗൃഹത്തിൽ വന്ന് തന്നെ കാണാൻ അനുവാദം നിഷേധിക്കപ്പെട്ട ഭാര്യയോടും മക്കളോടും അന്തിമയാത്ര പറയുന്നു. ഒരു വർഷത്തോളം ഈ കാരാഹൃഹവാസം നീണ്ടു. ക്രിസ്തുവിന്റെ വേദനയിൽ നിന്നാണ് മൂർ ഇതൊക്കെ സഹിക്കാൻ ശക്തി നേടിയത്.

ജയിലിൽ കിടന്ന് വിശുദ്ധ മൂർ രണ്ട് ലഘു ഗ്രന്ഥങ്ങൾ എഴുതി. യേശുവിന്റെ പീഡാനുഭവത്തെക്കുറിച്ച് ഒരു പ്രബന്ധം എഴുതിയിട്ടാണ് അദ്ദേഹം മരണത്തിനൊരുങ്ങിയത്. " അവർ അവന്റെമേൽ കൈവെച്ചു" എന്ന ഭാഗം എഴുതിയപ്പോൾ എഴുതാൻ ഉപയോഗിച്ചിരുന്ന സാമഗ്രികളും പുസ്തകവും കടലാസുമൊക്കെ ജയിലധികൃതർ എടുത്തുകൊണ്ടുപോയി. തന്റെ മക്കൾക്ക് കരിക്കട്ട കൊണ്ടെഴുതി, അദ്ദേഹം ഈ അവസാനവാക്കുകൾ".... കൈവശമുള്ളതിൽ കവിഞ്ഞ് ഒരു ലൗകിക വസ്തുവും ഞാനാഗ്രഹിക്കുന്നില്ല. നിങ്ങളുടെ പ്രിയപ്പെട്ട പിതാവിനാൽ കരിക്കട്ടകൊണ്ട് എഴുതപ്പെട്ടത്. ഈ പിതാവ് ദുർബലമായ പ്രാർത്ഥനകളിൽ നിങ്ങളിൽ ആരെയും വിസ്മരിക്കുന്നില്ല. കടലാസ് തീരുകയാൽ നിങ്ങളോട് വിടവാങ്ങുന്നു. നമ്മുടെ കർത്താവ് എന്നെ നിരന്തരം ആത്മാർത്ഥതയും വിശ്വസ്തതയും ലാളിത്യവുമുള്ളവനാക്കട്ടെ."

1535 ജൂൺ 6 - നാണ് വിശുദ്ധ തോമസ് മൂർ രക്തസാക്ഷിത്വം ചൂടിയത്. മഴുകൊണ്ട് ആരാച്ചാർ കഴുത്തുവെട്ടാൻ തുടങ്ങിയപ്പോൾ താടിമീശ പകുത്തുകൊണ്ട് 'ഈ താടിമീശ വെട്ടിമുറിക്കല്ലേ. ഇത് ഒരു രാജ്യദ്രോഹവും ചെയ്തിട്ടില്ല' എന്ന് ഹാസ്യാത്മകമായി മൊഴിഞ്ഞു. എന്നിട്ട് മനുഷ്യ ഔന്നത്യത്തിന്റെ പുഞ്ചിരിയോടെ ഒരു ക്രിസ്ത്യാനിയുടെ രാജകീയ സ്വാതന്ത്ര്യത്തോടെ ഈ തിരുസഭാരത്നം വീരമൃത്യു വരിച്ചു. ഭാഗ്യ സ്മരണാർഹനായ പീയൂസ് 11 - ാമൻ മാർപാപ്പ 1935 മേയ് 19 - ന് അദ്ദേഹത്തെ വിശുദ്ധരുടെ പട്ടികയിൽ ചേർത്തു. "രാജാവിന്റെ നല്ല ദാസനായും എന്നാൽ ദൈവത്തിന്റെ ഒന്നാമത്തെ ദാസനായും ഞാൻ മരിക്കുന്നു". എന്നരുളി ഈ ധീരസന്താനത്തിന്റെ തിരുനാൾ ജൂൺ 22 - ാം തീയതിയാണ് തിരുസഭ ആചരിക്കുന്നത്.

"എല്ലാക്കാലത്തിനും യോജിച്ച മനുഷ്യൻ" എന്ന് ജീവചരിത്രകാരന്മാർ തോമസ് മൂറിനെ വിശേഷിപ്പിക്കുന്നുണ്ട്. എല്ലാ പ്രായക്കാർക്കും അനുകരണയോഗ്യൻ എന്നുകൂടി നമുക്ക് കുട്ടിച്ചേർക്കാം. എന്നാൽ വിശുദ്ധ മൂറിന്റെ ജീവിതം  അടുത്ത് അനുകരിക്കാൻ ഏറ്റവും അനുഗ്രഹീതമായ കാലഘട്ടവും അനുയോജ്യമായ പ്രായവും യുവത്വമാണെന്ന സത്യം  നമുക്ക് വിസ്മരിക്കാൻ വയ്യ. കാലിക യുവത്വത്തിന്റെ കർമ്മപാതയിൽ ശ്രദ്ധേയമായ സന്ദേശത്താൽ പ്രചോദനാത്മകമായ വെല്ലുവിളിയുയർത്തുന്ന വ്യക്തിയാണ് വിശുദ്ധ തോമസ് മൂറിന്റേത്. കുടുംബവും തൊഴിലും സമ്പത്തും രാഷ്ട്രവും കലയും സൗഹൃദവും ബന്ധങ്ങളുമൊക്കെയുള്ള അനുദിന ജീവിതത്തിൽ ആമഗ്നരായിരുന്നുകൊണ്ട്  വിശുദ്ധി പ്രാപിക്കുക എന്ന വെല്ലുവിളിയാണ് തോമസ് മൂർ ഉയർത്തുന്നത്. പൗരധർമ്മം അനുഷ്ഠിക്കുമ്പോഴും മുഴു ഹൃദയവും ദൈവത്തിന് സമർപ്പിതമായി ആന്തരിക സ്വാതന്ത്ര്യം അനുഭവിക്കുന്ന ആത്മസത്തയുള്ളവരാകുക എന്ന് യുവത്വത്തെ ഈ കർമ്മയോഗി ഓർമ്മിപ്പിക്കുന്നു.

എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ ശുശ്രൂഷിയുടെ  ധർമ്മം അനുഷ്ഠിച്ച് , മുടങ്ങാതെ കുടുംബപ്രാർത്ഥനയും ബൈബിൾ പാരായണവും നടത്തിയിരുന്ന ഈ വിശുദ്ധൻ തുറന്ന ബുദ്ധിയോടെ, സത്യസന്ധമായി  ഭക്തി പ്രകടനമാക്കാതെ  വിശുദ്ധ ജീവിതം  നയിക്കാൻ നിരന്തരം ഓരോ  യുവാവിനെയും യുവതിയെയും മാടിവിളിക്കുന്നു പ്രത്യേകിച്ചും, ഈ യുവജന വർഷത്തിൽ. പരിമിതികൾ പലതുമുണ്ടായാലും വിശ്വാസത്തിൽ ആഴപ്പെട്ട് ദൈവത്തെയും അവിടുത്തെ രാജ്യത്തെയും മൗലികമായി തെരഞ്ഞെടുത്ത് അനുദിനജീവിതം കെട്ടിപ്പടുക്കുവാൻ ഈ വിശുദ്ധൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

# മിത്ര്

**ഉച്ചയ്ക്ക് ഒരു മണിക്ക് 3 മിനിറ്റ് നേരം ഒരുമയുടെ കെ. സി. വൈ. എം. പ്രാർത്ഥന**

**(2006 ഏപ്രിൽ 8 മുതൽ 11 വരെ സംസ്ഥാന രൂപതാ– ഭാരവാഹികൾക്കായി ചേർത്തല സെന്റ് മൈക്കിൾസ് കോളേജിനു സമീപമുള്ള കനോസിയൻ ഭവനത്തിൽ വച്ചു നടന്ന ജോർദ്ദാൻ ധ്യാനത്തോടനുബന്ധിച്ച് സമാരംഭിച്ച പ്രാർത്ഥനാ യജ്ഞമാണിത്. ലോകസമാധാനമാണ് ഇതിന്റെ ലക്ഷ്യം. എല്ലാ കെ. സി. വൈ. എം പ്രവർത്തകരും എവിടെയായിരുന്നാലും ആരോടൊപ്പമായിരുന്നാലും എല്ലാ ഉച്ചകളിലും ഒരുമണിക്ക് ഈ പ്രാർത്ഥന ദൈവസന്നിധിയിൽ ഉയർത്തുന്നു. ഭീകരതയ്ക്കും വൈരത്തിനും മനുഷ്യക്കുരുതിക്കും എതിരേയുള്ള പ്രചോദനത്തിന്റെ ഈ മുന്നേറ്റം എല്ലാ യൂണിറ്റുകളിലും ഫൊറോനകളിലും രൂപതകളിലും സംസ്ഥാനത്തും എല്ലാ പ്രോഗ്രാമുകളിലും ഉൾപ്പെടുത്തേണ്ടതാണ്. രണ്ട് പ്രാർത്ഥനകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 1. സർവ്വമതസ്ഥരോടും ഒന്നുചേർന്ന് പ്രാർത്ഥിക്കാനുള്ളതും, 2. കത്തോലിക്കാ വിശ്വാസികളോടു ചേർന്നു പ്രാർത്ഥിക്കാനുള്ളതും.)**

## I

### പ്രാരംഭഗാനം

അസതോമ സദ്ഗമയ
തമസോമ ജ്യോതിർഗമയ
മൃത്യോമ അമൃതംഗമയ

### ആമുഖ പ്രാർത്ഥന

നല്ല ദൈവമേ, ഇപ്പോൾ, ഞങ്ങളുടെ മൈത്രിയിൽ അങ്ങയുടെ തിരുമനസ്സും തിരുസാന്നിദ്ധ്യവും ഉറപ്പിക്കുന്നതിനെയോർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. തിരുസന്ദേശത്തിൽ നിന്നും തിരുപാതയിൽ നിന്നും ചിന്തയിലും തീരുമാനങ്ങളിലും സംസാരത്തിലും പ്രവൃത്തിയിലും ബന്ധങ്ങളിലും അകന്ന അവസരങ്ങളെയോർത്ത് ഞങ്ങൾ ആത്മാർത്ഥമായി അനുതപിക്കുന്നു. ജീവിത തീർത്ഥയാത്രയിൽ നല്ല സമറായനായി സദാസമയവും ഞങ്ങളോടുകൂടെ വസിക്കണമെയെന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ഈ പ്രപഞ്ചത്തിലെ സകല മനുഷ്യരും മനുഷ്യക്കുരുതിയിൽ നിന്നും ഭീകരതയിൽ നിന്നും വൈരത്തിൽ നിന്നും പൂർണ്ണമാ

യും മുക്തമാകാനായി ഞങ്ങൾ നടത്തുന്ന ഈ യാഗം അങ്ങ് ദയാപൂർവ്വം സ്വീകരിക്കണമേ.

ഈ പ്രപഞ്ചം അങ്ങ് സംരക്ഷിക്കണമെന്നും ഭൂമിയിലെ സർവ്വചരാചരങ്ങളേയും പരിസ്ഥിതിയേയും അങ്ങ് പരിപാലിക്കണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

മനുഷ്യവംശത്തിലെ എല്ലാവർക്കും വ്യക്തിപരമായി അങ്ങയുടെ സ്നേഹം അനുഭവിക്കാൻ അനുഗ്രഹം നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

അങ്ങിലേക്കും അങ്ങയുടെ മക്കളായ സഹോദരങ്ങളിലേക്കും അടുക്കുവാനുള്ള മാർഗങ്ങളായി ചരിത്രത്തിൽ രൂപമെടുത്ത എല്ലാ മതങ്ങളെയും അവയ്ക്ക് നേതൃത്വം നൽകുന്ന സർവ്വരെയും സമർപ്പിക്കുന്നു. സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും സേവനത്തിന്റെയും പാതയിലൂടെ സാഹോദര്യത്തിന്റെ കൂട്ടായ്മയായി ആഴപ്പെടുവാൻ മതസമൂഹങ്ങളിൽ അങ്ങയുടെ സജീവ സാന്നിദ്ധ്യം സദാസമയവും ഉണ്ടാകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

നീതി, സമാധാന, സുസ്ഥിതികളുടെ സർവ്വോദയത്തിനായി സാക്ഷാത്കരിക്കപ്പെട്ട രാഷ്ട്രങ്ങളെയും അവയുടെ സാരഥികളായ സർക്കാരുകളെയും അങ്ങ് ഭരിക്കണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

ജാതി, മത, വർണ്ണ, വർഗ്ഗ, ലിംഗ, ഭാഷാ, പ്രാദേശിക, രാഷ്ട്രീയ വ്യത്യസ്തതകൾ വിഭജനത്തിനും വിഭാഗീയതയ്ക്കും കാരണമാകാതെ , ഐക്യത്തിനും ക്ഷേമത്തിനും ഉപകരിക്കുമാറാകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

## സമാപന പ്രാർത്ഥന

ഈ ഒരു മണിനേരത്ത് അങ്ങയുമായി ഞങ്ങൾ ഒന്നാകുമ്പോൾ ഐക്യത്തിൽ മിത്രങ്ങളായി സർവ്വ മനുഷ്യരെയും ഒരുമയുടെ ദൂതരും ശുശ്രൂഷകരുമായി ഒരുപാട് യുവജനങ്ങളെ അങ്ങ് ഒരുക്കണമെ. ഭീകരതയ്ക്കും വൈരത്തിനും അക്രമത്തിനും മനുഷ്യക്കുരുതിക്കും നേതൃത്വം കൊടുക്കുന്നവരെ അങ്ങ് മാനസാന്തരപ്പെടുത്തണമെ.

**നാഥാ എന്നെ/ ഞങ്ങളെ നയിച്ചാലും**

ഹിംസയുടെ ലോകത്തിൽ നിന്ന്
അഹിംസയുടെ ലോകത്തിലേക്ക്

*നാഥാ എന്നെ/ ഞങ്ങളെ...)*

വേദനയുടെ ലോകത്തിൽ നിന്ന്
സന്തോഷത്തിന്റെ ലോകത്തിലേക്ക്

*(നാഥാ, എന്നെ/ ഞങ്ങളെ....)*

അടഞ്ഞുകിടക്കുന്നലോകത്തിൽ നിന്ന്
തുറന്നുകിടക്കുന്ന ലോകത്തിലേക്ക്

*(നാഥാ, എന്നെ/ ഞങ്ങളെ......)*

മതിലുകളുടെ ലോകത്തിൽ നിന്ന്
മതിലുകളില്ലാത്ത ലോകത്തിലേക്ക്

*(നാഥാ, എന്നെ/ ഞങ്ങളെ....)*

കവർച്ചകളുടെ ലോകത്തിൽ നിന്ന്
പങ്കുവയ്ക്കുന്ന ലോകത്തിലേയ്ക്ക്

*(നാഥാ, എന്നെ/ ഞങ്ങളെ.....)*

നിരാശയുടെ ലോകത്തിൽ നിന്ന്
പ്രത്യാശയുടെ ലോകത്തിലേയ്ക്ക്

*(നാഥാ, എന്നെ/ ഞങ്ങളെ....)*

അധികാരത്തിന്റെ ലോകത്തിൽ നിന്ന്
ശുശ്രൂഷയുടെ ലോകത്തിലേക്ക്

*(നാഥാ, എന്നെ/ ഞങ്ങളെ...)*

വെറുപ്പിന്റെ ലോകത്തിൽ നിന്ന്
പരസ്നേഹത്തിന്റെ ലോകത്തിലേയ്ക്ക്

*(നാഥാ, എന്നെ/ ഞങ്ങളെ...)*

ഉത്കണ്ഠയുടെ ലോകത്തിൽ നിന്ന്
ദൈവപരിപാലനയുടെ ലോകത്തിലേക്ക്

*(നാഥാ, എന്നെ/ ഞങ്ങളെ...)*

## II

### പരിശുദ്ധാത്മാവിനോടുള്ള ഗാനം

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.

### വിശുദ്ധഗ്രന്ഥ വായന

കൊളോ 3/12 - 15, എഫേ. 2/14 - 18 യോഹ. 14/27 - 29, ലൂക്ക 2/10 - 14. മത്താ 5/1 - 12

സ്വർഗസ്ഥനായ പിതാവേ, ഞങ്ങളുടെ രക്ഷകനായ ക്രിസ്തുവിന്റെ നാമത്തിൽ, പരിശുദ്ധാത്മാവിന്റെ വരവോടെ അങ്ങ് ഈ ഭൂമിയിൽ സമുദ്ഘാടനം ചെയ്ത സ്നേഹ സേവന പ്രവർത്തനങ്ങളുടെ സമൂഹമായ സഭയെ കാത്തുപരിപാലിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളിൽ വിവിധ സഭകളിലായി വിന്യസിച്ചിരിക്കുന്ന സഭാസമൂഹങ്ങളെ ഐക്യത്തിലും സ്നേഹത്തിലും ഒന്നിപ്പിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

പത്രോസിന്റെ പിൻഗാമിയും സഭയുടെ ദൃശ്യ തലവനുമായ പരിശുദ്ധപിതാവിനെ വിശുദ്ധിയും വിജ്ഞാനവും ആരോഗ്യവും നൽകി നിരന്തരം ശക്തിപ്പെടുത്തണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

കത്തോലിക്കാ സഭയിലെ എല്ലാ കുടുംബങ്ങളെയും സംഘടനകളെയും നീതി, സ്നേഹ, സേവന സംരംഭങ്ങളെയും സജീവമായി സംരക്ഷിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

വിവാഹ ജീവിതത്തിലേയ്ക്കും പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കും ഏകസ്ഥ ജീവിതത്തിലേക്കുമുള്ള ദൈവവിളി സ്വീകരിച്ചവർ വിശ്വസ്തരായി ജീവിക്കുവാൻ വരം നൽകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

തിന്മക്കെതിരെ വ്യക്തിപരമായും സംഘടിതമായും പോരാടാൻ അനുഗ്രഹം നൽകണമേയെന്നും ലോകത്തിൽ, വിശിഷ്യ ഭാരതത്തിലും കേരളത്തിലുമുള്ള മുഴുവൻ യുവജനങ്ങളുടെയും നന്മകളും സർഗശക്തിയും സമൂഹനന്മയ്ക്ക് ഉപയുക്തമാക്കണമെയെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

മദ്യത്തിനും മയക്കുമരുന്നിനും അവിഹിതവേഴ്ചകൾക്കും അടിമപ്പെട്ടവരും, കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവരും കുറ്റകൃത്യങ്ങളാലും ദുശ്ശീലങ്ങളാലും സമൂഹത്തിൽ നിന്ന് തള്ളിമാറ്റപ്പെട്ടവരുമായ യുവജനങ്ങളെ പുനർജീവൻ നല്കി അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

യുവജനങ്ങളെ വഴിതെറ്റിക്കുന്ന സംവിധാനങ്ങളെയും സംരംഭങ്ങളെയും മാനസാന്തരപ്പെടുത്തണമെയെന്നും അവ ഇല്ലാതാക്കാൻ പരിശ്രമിക്കാനുള്ള ശക്തി ഞങ്ങൾക്ക് നൽകണമെയെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

ദാരിദ്ര്യമനുഭവിക്കുന്നവരും ചൂഷണവിധേയരും തൊഴിൽ രഹിതരുമായ യുവതീയുവാക്കളെ പ്രത്യേകം പരിപാലിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

എല്ലാ മത, ജാതി, വർഗ, വർണ്ണ, രാഷ്ട്രീയ സംഘടനകളേയും പ്രത്യേകിച്ച് അവയുടെ യുവജനവിഭാഗങ്ങളേയും പരസ്പരം മനസ്സിലാക്കാനും വളർത്താനും സഹായിക്കാനുമുള്ള കൂട്ടായ്മകളായും സമൂഹനന്മയ്ക്കുള്ള ഉപകരണങ്ങളായും രൂപാന്തരപ്പെടുത്തണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

### സമാപനം

ഉള്ളംകൈയിൽ ഞങ്ങളെ പോറ്റുന്ന പിതാവേ, ഈ പ്രാർത്ഥന, ഞങ്ങളുടെ രക്ഷകനും സുഹൃത്തും സഹയാത്രികനുമായ യേശുവഴി. ഞങ്ങളെ ശക്തിപ്പെടുത്തുന്ന പരിശുദ്ധാത്മാവിൽ അങ്ങേക്ക് ഞങ്ങൾ സമർപ്പിക്കുന്നു. അങ്ങ് ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളണമെ.

## കെ. സി. വൈ. എം പ്രാർത്ഥന

*(സമൂഹം പരിശുദ്ധാത്മാവിനോടുള്ള ഗാനം ആലപിക്കുന്നു. മെഴുകുതിരികളുടെയും പൂക്കളുടെയും അകമ്പടിയോടുകൂടെ ഒരു യുവാവും ഒരു യുവതിയും ഒരുമിച്ച് വി. ഗ്രന്ഥം സംവഹിച്ചുകൊണ്ടുവരുന്നു. വചനം പ്രതിഷ്ഠിക്കുന്നു. സമ്മേളനത്തിന്റെ സാഹചര്യത്തിന് ഉചിതമായ ഒരു വചനഭാഗം വായിക്കുന്നു. ഒരു മിനിറ്റ് നിശ്ശബ്ദമായി ധ്യാനിക്കുന്നു.)*

1 യോഗ 2/12 - 17, 1 പത്രോ 5/5 - 11 ,തീത്തോ 2/1 - 10 തിമോ 4/6 - 16 എഫേ. 6/10 - 17. ഗലാ 5/16 - 26, യോഹ. 1/35 - 42, ലൂക്കാ 24/13 - 35, ലൂക്കാ 7/1 - 10, ലൂക്കാ 8/40 - 56, ലൂക്കാ 4/14 - 19 മത്താ 19/16 - 22, മർക്കോ 16/1 - 8, ജെറ 1:4 - 10

➢ **ലീഡർ**: യുവത്വം എന്ന നിധി നൽകി ഞങ്ങളെ പക്വതയിലേക്ക് വളർത്തുന്ന നല്ല ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. മാനവ മോചകനായ അങ്ങയുടെ തിരുപുത്രന്റെ ദർശനങ്ങളിലും കത്തോലിക്കാസഭയുടെ പ്രബോധനങ്ങളിലും അധിഷ്ഠിതമായി ഞങ്ങളുടെ യുവത്വം സമഗ്രമായി വികസിച്ച് സമൂഹത്തിന്റെ സമ്പൂർണ മോചനത്തിനായി പ്രവർത്തിക്കുവാൻ കെ.സി.വൈ.എം ന് അങ്ങ് രൂപംകൊടുത്തുവല്ലോ. ഇക്കഴിഞ്ഞ നാളുകളിൽ അങ്ങ് ഞങ്ങളിലൂടെ വർഷിച്ച നിരന്തരമായ നന്മകൾക്ക് കേരളത്തിലെ എല്ലാ യുവജനങ്ങളോടും യുവജനശുശ്രൂഷകരോടും ചേർന്ന് ഹൃദയപൂർവ്വം അങ്ങേക്ക് നന്ദിയർപ്പിക്കുന്നു.

➢ ത്രിയേക ദൈവമേ, അങ്ങയുടെ നിരന്തരമായ സാന്നിദ്ധ്യവും ആഴമാർന്ന സ്നേഹവും ഞങ്ങൾക്ക് ഓരോരുത്തർക്കും ഓരോ നിമിഷവും അങ്ങ് കൂടുതൽ അനുഭവവേദ്യമാക്കിത്തരണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

➢ സാഹോദര്യത്തിന്റെയും സഹകരണത്തിന്റെയും പാതയിലൂടെ വിശ്വാസത്തിന്റെയും വിജ്ഞാനത്തിന്റെയും വെളിച്ചത്തിൽ അധർമ്മം അമർത്തി സമൃദ്ധി ഉണർത്തി സമൂഹത്തെ പ്രകാശമാനമാക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

➢ കേരളത്തിലെ എല്ലാ യുവതീയുവാക്കന്മാർക്കും മാതൃകാപരമായ സ്നേഹശുശ്രൂഷ എത്തിക്കുന്ന മുന്നേറ്റമായി മാറുവാൻ കെ.സി.വൈ.എം നെ കനിഞ്ഞനുഗ്രഹിക്കേണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

➢ *കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

➢ പൂർണതയിലേക്ക് മനുഷ്യരെയും സമൂഹത്തെയും നയിക്കുന്ന നേതാക്കളായി സഭയിലെ മുഴുവൻ യുവജനങ്ങളെയും സംഘടിപ്പിക്കുവാൻ ഞങ്ങൾക്ക് ശക്തി നൽകണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

➢ *കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

➢ ദാരിദ്ര്യം അനുഭവിക്കുന്നവരും രോഗികളും ചൂഷണവിധേയരും ദുശ്ശീലങ്ങൾക്ക് അടിമപ്പെട്ടവരും തൊഴിൽ രഹിതരുമായ യുവതീയുവാക്കളെ പ്രത്യേകം പരിപാലിക്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.*

*(സന്ദർഭോചിതമായി സ്വയംപ്രേരിത പ്രാർത്ഥനകൾ ഉൾപ്പെടുത്താവുന്നതാണ്)*

ഞങ്ങളെയും ഞങ്ങളുടെ മാതാപിതാക്കന്മാരെയും കുടുംബാംഗങ്ങളേയും ബന്ധുമിത്രാദികളെയും സഭാശുശ്രൂഷകരെയും ആത്മീയവും ഭൗതികവുമായി സഹായിക്കുന്ന എല്ലാ ഉപകാരികളെയും അങ്ങ് അനുഗ്രഹിക്കണമേ. പരിശുദ്ധ കന്യകാമറിയത്തിന്റേയും വിശുദ്ധ തോമസ് മൂറിന്റെയും പ്രത്യേക മദ്ധ്യസ്ഥതയിൽ ഞങ്ങൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥന അങ്ങ് കേട്ടരുളണമേ. ആമ്മേൻ.

**1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.**

**“‘ പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ച്ചയും ഉണ്ടായിരിക്കട്ടെ”**

# കെ.സി.വൈ.എം. ആന്തം

ക്രൈസ്തവധർമ്മ പതാകയതേന്തി
സ്നേഹത്തിൻ പുതുകാഹളമൂതി
മോചകനേശുവിൻ അണികളിലുണരും
ശക്തി തരംഗം കെ. സി. വൈ. എം.

യുഗശക്തി ഇതു യുവശക്തി
മാനവമോചനരണശക്തി
മനുഷ്യമനസ്സിലുറങ്ങും ദൈവ –
മഹത്ത്വമുണർത്തും പുതുശക്തി

വിലയിടിയാത്തൊരു വിജ്ഞാനത്താൽ
അടിപതറാത്തൊരു വിശ്വാസത്താൽ
പൂർണ്ണ മനുഷ്യൻ, പൂർണ്ണ സമൂഹം
പടുത്തുയർത്തും യുവശക്തി

അധർമ്മമെങ്ങും അമർത്തീടാൻ
സമൃദ്ധിയെങ്ങും ഉണർത്തീടാൻ
സാഹോദര്യം സഹകരണം
പടവാളാക്കും യുവശക്തി

യുഗശക്തി, ഇത് യുവശക്തി
കെ. സി. വൈ. എം. യുവശക്തി (3)